ഹസ്രത്ത് മിർസാ മഹ്മൂദ് അഹ്മദ് (റ)

# അഹ്മദിയ്യത്ത്
# എന്ത്? എന്തിന്?



## AHMADIYYATH WHAT & WHY ?



Author

This is the Malayalam rendering of a chapter in the Ahmadiyyath or the true Islam. The work of Hazrath Mirza Basheeruddeen Mahamood Ahmad Second successor of the promised Massiah Hazrath Mirza Gulam Ahmad of Qadian(A).

The Malayalam version is of Mr. N. Abdurrahim, Editor, the Sathyadoothan Ahmadiyya Monthly organ in Kerala.

-Publishers-

# അഹ്മദിയ്യത്ത്

# എന്ത്? എന്തിന്?

**ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**

വിവർത്തകൻ:

**എൻ. അബ്ദുർറഹീം**

**കേരള അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**

കോഴിക്കോട് 673 001.

**AHMADIYYATH ENTHU ENTHINNU ?**
**(AHMMADIYYATH : WHAT & WHY)**

Author
Hazrath Mirza Basheeruddeen Mahmood Ahmad
(Khalifatul Massih II)

Translator :
N. Abdurrahim
Kannur - 670 003

Published by
Kerala Ahmadiyya Muslim Jamaath
Kozhikode - 673 001

Printed at :
Divine Offset Printers
Super Bazar,
Kannur -1

Typesetting :
Kare Business Services, Kannur-1

Cover Design :
U. Abdul Gafoor

Copies 3000

Price .5.00

1994 March

KAMP/513/94/3000

വിവിധങ്ങളായ ഒട്ടേറെ മതങ്ങളും മതപ്രസ്ഥാനങ്ങളും നിലവിലിരിക്കെ അഹ്മദിയ്യാ പ്രസ്ഥാനംകൊണ്ട് എന്ത് ഉദ്ദേശ്യമാണ് നിറവേറ്റപ്പെടാനുള്ളതെന്ന് ഇവിടെ തുടക്കത്തിൽത്തന്നെ ഒരു ചോദ്യം ഉന്നയിക്കപ്പെട്ടേയ്ക്കാം. അതുകൊണ്ടു ഞാൻ ആദ്യമായിതന്നെ ഈ ചോദ്യത്തിനുള്ള മറുപടി പറഞ്ഞുകൊള്ളാം.

ഏതെങ്കിലും ഒരു വെളിപാടുമതത്തിൽ വിശ്വസിക്കുന്ന ഏതൊരാളും ദൈവം വിവിധകാലഘട്ടങ്ങളിലായി ഈ ലോകത്ത് പല പ്രവാചകന്മാരെയും അയച്ചിട്ടുണ്ടെന്നും ഒരു ജനതയിലും ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെടാതിരുന്നിട്ടില്ലെന്നുംകൂടി വിശ്വസിക്കാൻ നിർബ്ബന്ധിതരായിത്തീരുന്നു. ഈ ലോകത്തിൻെറ ആത്മീയപുരോഗതി മുഴുവനും ഈ ഗണത്തിൽപ്പെട്ട ആളുകൾ മുഖേനയാണ് ഉണ്ടായിട്ടുള്ളത്. അവർ ഉണ്ടായിരുന്നില്ലെങ്കിൽ, ഈ ലോകത്ത് എങ്ങും ഇരുട്ടുമാത്രമേ അവശേഷിച്ചിരിക്കുമായിരുന്നുള്ളു. ഇതു സംബന്ധിച്ചു വിശുദ്ധഖുർആനിൽ ഇപ്രകാരം പറയുന്നു.

وَإِن مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ ۝

"ഒരു താക്കീതുകാരൻ കഴിഞ്ഞുകടന്നിട്ടില്ലാത്ത ഒരു ജനതയും ഉണ്ടായിട്ടില്ല" (35: 24)

പ്രാചീനചരിത്രങ്ങളിലും പുരാതത്വങ്ങളിലും നാം ഗവേഷണങ്ങൾ നടത്തുമ്പോൾ ഈ വിശ്വാസം നമ്മിൽ ബലപ്പെട്ടു വരുന്നതാണ്. ഈ വിശ്വാസമാകട്ടെ, ജനതകളിൽ ഐക്യം ഊട്ടി വളർത്തുന്നതിന് എത്രയും ഉപകരിക്കുന്ന ഒന്നാണെന്നും കാണാം. ഈ വിശ്വാസത്തെ പ്രബോധനം ചെയ്യുന്ന വിശുദ്ധ ഖുർആൻ എല്ലാ മഹത്വവും അർഹിക്കുന്നു. ആ മഹാഗ്രന്ഥമാണ് ആദ്യമായിത്തന്നെ ഈ തത്ത്വത്തെ പ്രഘോഷിച്ചത്. ഈ പ്രവാചകന്മാർ പ്രേഷണം ചെയ്യപ്പെട്ടിട്ടുള്ളതിൻെറ ഉദ്ദേശ്യം എന്താണെന്ന് കണ്ടുപിടിക്കാൻ നാം ശ്രമിക്കുമ്പോൾ ഈ ലോകത്തിൻെറ ധാർമികധഃപതനവും ദൈവവുമായി നേരിട്ടുള്ള എല്ലാ ബന്ധങ്ങളും അറ്റുപോയ അവസ്ഥയുമാണ് അവർ അവതരിക്കാനുണ്ടായ കാരണമെന്നു വെളിപ്പെടുന്നതാണ്. നീണ്ട കാലത്തെ വരൾച്ചയ്ക്കു ശേഷം ഭൂനിലം പച്ചളിപ്പുള്ളതാക്കി മാറ്റുകയും അതിനു പുതുജീവൻ നൽകുകയും ചെയ്യുന്ന മേഘജാലങ്ങൾ കണക്കെയാണവർ പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നിട്ടുള്ളത്. ദൈവത്തെ അന്വേഷിക്കുന്നവരുടെ വിലാപങ്ങൾക്കുള്ള പ്രത്യുത്തരമെന്നോണം സ്വർഗത്തിൽ നിന്നിറക്കപ്പെട്ടവരായിരുന്നു അവർ. ചിന്നിച്ചിതറിപ്പോയ കൂട്ടുകാരെയെല്ലാം ഒരുമിച്ചു കൂട്ടുന്നതിന്ന് നായാട്ടുകാരൻ വേട്ടയൂരിൽ വിളിക്കുന്ന കൊമ്പുകളെ പോലെയാണ് അവർ. സത്യത്തിലേയ്ക്ക് അവർ ലോകത്തെ തിരിച്ചുവിളിക്കുന്നു. എന്നിട്ട്, അവരുടെ നിദർശനത്തിൽ ലോകം അതിൻെറ യഥാർത്ഥമായ ലക്ഷ്യസ്ഥാനത്തേയ്ക്കുള്ള പ്രയാണം വീണ്ടും തുടരുമാറാകുന്നു.

പണ്ടെന്നപോലെ മേലിലും പ്രവാചകന്മാരുടെ ഈ അനുസ്യൂതപരമ്പര തുടർന്നു പോകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ വ്യവസ്ഥ എന്നെന്നേക്കുമായി നിലച്ചുപോകുന്നതു യുക്തിസഹമല്ല. മനുഷ്യർ സ്രഷ്ടാവിൽനിന്നും അകന്നു വഴിതെറ്റി അലയുമാറാകുന്ന ആത്മീയാന്ധകാരത്തിൻെറ കാലഘട്ടങ്ങളെ ഈ ലോകത്തിൽ തരണം ചെയ്യേണ്ടതുണ്ടെങ്കിൽ, മനുഷ്യർ നേരായ മാർഗത്തിൽനിന്നും അടിക്കടി വഴിതെറ്റി സംശയത്തിൻെറയും നിരാശയുടെയും കൂരിരുട്ടിൽപെട്ടു ദിക്കറിയാതെ തപ്പിത്തടഞ്ഞു നേർവഴി കണ്ടെത്താൻ ഉഴറുമാറുണ്ടെങ്കിൽ, അങ്ങനെയുള്ള കാലഘട്ടങ്ങളിൽ വെളിച്ചം കണ്ടെത്താനുള്ള ശ്രമം മനുഷ്യനു തുടർന്നുപോരേണ്ടതു ആവശ്യമാണെങ്കിൽ ദിവ്യമായ ദീപശിഖ

കയ്യിലേന്തിയ മാർഗദർശകർ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന പ്രക്രിയ നിലച്ചുപോകുമെന്നു വിശ്വസിക്കാൻ സാദ്ധ്യമേയല്ല. 'റഹ്മാനിയ്യത്ത്' എന്നറിയപ്പെടുന്ന ദൈവത്തിൻെറ പരമകാരുണ്യഗുണവിശേഷവുമായി പൊരുത്തപ്പെടുന്നതല്ല, രോഗം നിലനിൽക്കാനനുവദിച്ചിരിക്കെ അതിനുള്ള പ്രതിവിധികൾ നിർദ്ദേശിക്കാതിരിക്കയും, ആർത്തി സൃഷ്ടിച്ചിട്ട് ആശ്വാസനിവൃത്തിയ്ക്കുള്ള മാർഗ്ഗം മുട്ടിച്ചുകളയുകയും ചെയ്കയെന്നതു; അഥവാ, അങ്ങനെ സംഭവിക്കുമെന്നു കരുതുന്നത്. കാരുണ്യാതിരേകത്തിൻെറയും അനുകമ്പാവായ്പിൻെറയും ഉറവിടമായിട്ടുള്ള ദൈവത്തെ അവഹേളിക്കുന്നതിന്ന് തുല്യമാണിതെന്നു പറയണം.

ദൈവത്തിലേയ്ക്കുള്ള മാർഗം കാണിച്ചുതരുകയും, സംശയങ്ങളുടെയും തെറ്റിധാരണകളുടെയും കയത്തിൽനിന്നും കരേറ്റി വിശ്വാസത്തിലേയ്ക്കും ദൃഢബോദ്ധ്യത്തിലേയ്ക്കും ജനങ്ങളെ നയിക്കുകയും ചെയ്യുന്ന ഒരു മാർഗദർശി, ഒരു വഴികാട്ടി, ഈ കാലഘട്ടത്തിൽ ലോകത്തിന് ആവശ്യമായിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ലോകത്തിന് എക്കാലത്തെങ്കിലും ഒരു പ്രവാചകൻെറ ആവശ്യമുണ്ടായിരുന്നെങ്കിൽ മതം പൊള്ളവിശ്വാസമായി മാറിക്കഴിയുകയും സത്യം മരിച്ച നിലയിലായിരിക്കുകയും ചെയ്തിട്ടുള്ള ഇക്കാലത്ത് അത്തരമൊരാൾ ഏറെ ആവശ്യമായിരിക്കുന്നു.

മതത്തോടുള്ള സമീപനത്തെ സംബന്ധിച്ചേടത്തോളം ഇക്കാലത്ത് ആളുകളെ മൂന്നു ഗണങ്ങളായി തിരിക്കാം.

ഒന്നാമത്തെ തരക്കാർ മതത്തിൻെറ ആവശ്യകതയെ നിഷേധിക്കുകയോ ദൈവത്തെ അപ്പടി തള്ളിക്കളയുകയോ ചെയ്യുന്നവരാകുന്നു; അഥവാ, നദികളിലോ പർവ്വതങ്ങളിലോ വിശ്വസിക്കുന്നു എന്നപോലെ മാത്രം ദൈവത്തിൽ വിശ്വസിക്കുന്നവർ. ഈ വിശ്വാസം അവരുടെ നിത്യജീവിതത്തെ ഒരു പ്രകാരത്തിലും ബാധിക്കുന്നില്ല, ദൈവം ഇല്ല എന്നു അവർ തീരുമാനിച്ചുറച്ചു എങ്കിൽ തന്നെയും അവരുടെ ജീവിതരീതിയ്ക്ക് വലിയ മാറ്റമൊന്നും സംഭവിക്കുമായിരുന്നില്ല. കാരണം, ദൈവവിശ്വാസം അവരുടെ പ്രവൃത്തികളുമായോ പെരുമാറ്റവുമായോ ഒരു ബന്ധവും പ്രകടമാക്കുന്നില്ല. ഇത്തരക്കാർ തങ്ങളുടെ സ്വാതന്ത്ര്യം ദൈവത്തിനുപോലും അടിയറവെക്കാൻ തങ്ങൾ തയ്യാറല്ലെന്നും ദൈവത്തോടു പ്രാർത്ഥന നടത്തിയും അവന് താണുവണങ്ങിയും തങ്ങളുടെ

ആത്മാഭിമാനം കളഞ്ഞുകുളിക്കാൻ തങ്ങൾക്ക് സാദ്ധ്യമല്ലെന്നും പ്രഖ്യാപിക്കാൻപോലും സന്നദ്ധരായേക്കും.

രണ്ടാമത്തെ തരക്കാർ ദൈവത്തിലും അവൻെറ ഗുണങ്ങളിലും വിശ്വസിക്കുന്നവരാണെങ്കിലും മരുഭൂവിൽ നാഴികകളോളം താണ്ടിയിട്ടും ഒരു ജലത്തുള്ളിപോലും കിട്ടാതെ മണൽകുന്നുകളിൽ ഒറ്റപ്പെട്ടുകഴിയുന്ന ദാഹാർത്തനായ ഒരു മനുഷ്യനെപോലെയാകുന്നു. തെരയുന്തോറും ദാഹം കൂടുകയും പ്രാണസങ്കടം ഏറിവരികയും ചെയ്യുന്നുവെങ്കിലും തെരച്ചിൽ ഫലശൂന്യമായി ഭവിക്കുന്നു. അയാൾ ചതിപ്പെടുത്തുന്ന കാനൽജലം തേടിച്ചെല്ലുന്നുവെങ്കിലും ഓരോ തവണയും നിരാശനായി കൂടുതൽ കൂടുതൽ നൊമ്പരപ്പെടുമാറാകുന്നു. ജലത്തിനു വേണ്ടിയുള്ള പരക്കംപാച്ചിലിൽ അതിൽനിന്നു അകന്നകന്നു പോകുന്ന അയാൾ ഒടുവിൽ മരണത്തിൻെറ പടിവാതിൽക്കൽ ചെന്നെത്തുന്നു.

മൂന്നാമത്തെ ഗണത്തിൽപ്പെട്ടവർ തങ്ങളുടെ വിധിയിൽ തൃപ്തിയുള്ളവരും തങ്ങളുടെ നിലയിൽ ആശ്വാസം കൊള്ളുന്നവരുമത്രെ. തങ്ങളുടെ സഹജമായ എല്ലാ മോഹങ്ങളും പൂർത്തിയായി എന്നതുകൊണ്ടല്ല. മറിച്ച്, അവർ അധീരരായിക്കഴിയുകയും ദൈവകാരുണ്യത്തിൽ നിരാശപ്പെടുകയും ദൈവത്തിൻെറ അനുഗ്രഹാതിരേകം പണ്ടുള്ളവർക്ക് മാത്രമുള്ളതാണെന്നും തങ്ങൾ ചിറ്റപ്പൻെറ സ്വത്തിന് അവകാശപ്പെട്ടുകൂടാത്ത പിറക്കാത്ത മക്കളെപോലെയാണെന്നും കരുതുകയും ചെയ്യുന്നു. അവർ തങ്ങൾക്കായിട്ടു പൂർവ്വികർ ദയാപൂർവ്വം എറിഞ്ഞുകൊടുത്ത അപ്പക്കഷണംകൊണ്ട് തൃപ്തിപ്പെടുന്നവരത്രെ.

എന്നാൽ, ഈ അവസ്ഥകൾ ഒന്നും തന്നെ സ്വാഭാവികമായിട്ടുള്ളതല്ല. മുകളിൽ പറഞ്ഞ ഒന്നാം ഗണത്തിൽപെട്ടവരുടെ അവഗണനാഭാവവും രണ്ടാം ഗണത്തിൽപെട്ടവരുടെ നിഷ്ഫലശ്രമങ്ങളും ഒടുവിൽ പറഞ്ഞ ഗണത്തിൽപെട്ടവരുടെ നിരാശാസംഭൂതമായ ആത്മതൃപ്തിയും ഒരുപോലെ പ്രയോജനരഹിതവും തന്നിമിത്തം അവർക്ക് ഫലം ചെയ്യാത്തതുമത്രെ. ദൈവത്തെ കുറിച്ചുള്ള ശരിയായ തിരിച്ചറിവും ജ്ഞാനവും മാത്രമെ ഒരു ദൈവാന്വേഷിയ്ക്ക് ഫലം ചെയ്യുന്നതാകയുള്ളു. എല്ലാ അന്ധകാരങ്ങളെയും തട്ടിമാറ്റുന്നതും മനുഷ്യനെ അവൻെറ

സ്രഷ്ടാവിൽനിന്നു വേർപെടുത്തുന്ന എല്ലാ മറകളെയും നീക്കിക്കള യുന്നതും ഒടുവിൽ അവനെ ദൈവത്തിൻെറ തിരുസന്നിധിയിൽ എത്തി ക്കുന്നതുമായ ഉപാധി അതൊന്നു മാത്രമാകുന്നു. അത്തരം ജ്ഞാന ത്തിനു മാത്രമെ മനുഷ്യൻെറ ഹൃദയത്തിനു സ്വീകാര്യമായിട്ടുള്ളതും മനുഷ്യൻെറ വിവേചനബുദ്ധിയ്ക്ക് അംഗീകരിക്കാൻ സാധിക്കുന്നതു മായ ഒരു ഭദ്രരൂപത്തിൽ മതത്തെ അവന് മുമ്പിൽ അവതരിപ്പിക്കാൻ സാധ്യമാകുകയുള്ളു. ഇതാണ് എല്ലാകാലത്തും ദൈവത്തിൻെറ ഒരു പ്രവാചകൻ ചെയ്തിട്ടുള്ളതും ദൈവത്തിൻെറ ഒരു പ്രവാചകന്നുമാത്രം ചെയ്യാനാവുന്നതും.

പ്രവാചകന്മാർ മുഖേന ലോകത്തിനു നൽകപ്പെട്ടിട്ടുള്ള ആ ജ്ഞാനം ഇപ്പോഴും കയ്യിരിപ്പുണ്ടെന്നു അനുയായികൾക്ക് അവകാശ പ്പെടാൻ കഴിയുമാറുള്ള ഏതെങ്കിലും ഒരു മതം നിലവിലുണ്ടോ? ദൈവ ത്തിൻെറ അനുഗ്രഹങ്ങളെല്ലാം പൂർവ്വീകന്മാരിൽ അവസാനിച്ചുപോയി എന്നുള്ള വിശ്വാസവുമായി പൊരുത്തപ്പെട്ടിട്ടുള്ളവരോ അഥവാ, മത ത്തെ അപ്പടി കയ്യൊഴിച്ചിട്ടുള്ളവരോ അല്ലെങ്കിൽ, തങ്ങൾ ലക്ഷ്യ ത്തിലെത്തിയെന്നു സ്വയം ആശ്വസിക്കുന്നുവെങ്കിലും മെസ്മ രിസത്തിൻെറ പ്രഭാവത്തിന്നടിപ്പെട്ടു എല്ലാം വഷളത്തങ്ങളും കണ്ണുംപൂട്ടി അംഗീകരിക്കുന്നവരോ ആയിരിക്കുന്നു എന്നതല്ലേ യാ ഥാർത്ഥ്യം? ഇതു ശരിയാണെങ്കിൽ -- നിശ്ചയമായും അതങ്ങിനെ തന്നെയാണ്--മറ്റേതൊരു കാലഘട്ടത്തെയുംപോലെ ഇന്നും ലോകത്ത് ഒരു പ്രവാചകൻ വെളിപ്പെടേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് അഹ്മദിയ്യാപ്രസ്ഥാനത്തിൻെറ ദിവ്യസ്ഥാ പകർ, വെളിപാടുകളുടെ വാതിൽ തുറന്നു കിടക്കുന്നുവെന്നും അത് എന്നും തുറന്നുതന്നെ കിടക്കുന്നതാണെന്നും ഒരു പ്രവാചകൻെറ ആവശ്യകതയെ വിളിച്ചറിയിക്കുന്ന എല്ലാ ലക്ഷണങ്ങളും ഈ കാ ലഘട്ടത്തിൽ കണിശമായും ഒത്തിണങ്ങിയിരിക്കുന്നുവെന്നും ഘോഷി ച്ചത്.എന്നാൽ, ഞങ്ങൾ ഈ കാലഘട്ടത്തിൻെറ സാക്ഷ്യത്തിൽമാത്രം ഊന്നിക്കൊണ്ടല്ല ഞങ്ങളുടെ വിശ്വാസത്തെ പടുത്തുയർത്തീട്ടുള്ളത്. മുൻപ്രവാചകന്മാരുടെ സത്യസാക്ഷ്യങ്ങളും ഞങ്ങൾക്ക് പിൻബല മായുണ്ട്.

ഈ കാലഘട്ടത്തിൽ ഒരു പ്രവാചകൻെറ അവതാരത്തെകുറിച്ച എല്ലാ മതങ്ങളിലും ദീർഘദർശനം ചെയ്യപ്പെട്ടിട്ടുണ്ടെന്നു കാണാം. ഹിന്ദു

ക്കൾ തങ്ങളുടെ പുണ്യഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട നിഷ്കളങ്കാവതാരം പ്രത്യക്ഷപ്പെടുന്നതു കാത്തിരിക്കുമ്പോൾ ക്രിസ്ത്യാനികൾ മിശീഹായുടെ രണ്ടാം വരവിനെ പ്രതീക്ഷിച്ചിരിക്കുന്നു. മുസ്ലിംകളാട്ടെ മഹ്ദി ഇമാമും വാഗ്ദത്തമസീഹും വെളിപ്പെടുന്നതും നോക്കിയിരിക്കുന്നു. സൊറോസ്റ്റ്റിയന്മാർ മസീയോദർഭമിയുടെ വരവിൽ വിശ്വസിക്കുന്നു. ഭാവിയിൽ ഇനി ഒരു പ്രവാചകനും വരികയില്ലെന്നാണെങ്കിൽ ഒരു പ്രവാചകൻ ആവിർഭവിക്കുമെന്ന് മുന്നറിയിപ്പ് നൽകപ്പെട്ടനിലയിൽ ഒരേ കാര്യത്തിൽ ഈ എല്ലാ ജനതകളും ഏകാഭിപ്രായക്കാരായിത്തീർന്നതെങ്ങനെ? ഈ പ്രവചനങ്ങളുടെ ഒരു പ്രത്യേകതയെന്തെന്നാൽ, വാഗ്ദത്ത ദൈവദൂതനെപറ്റി വിവിധമതങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ള വ്യത്യസ്തങ്ങളായ ലക്ഷണങ്ങളിൽ ഐകരൂപ്യം കാണപ്പെടുന്നു എന്നുള്ളതാണ്. ഈ പ്രവചനങ്ങളിലെല്ലാം തിന്മയുടെ വ്യാപനം, രോഗങ്ങളുടെ ആധിക്യം, കൊള്ളിമീൻ പതനം, സൂര്യചന്ദ്രഗ്രഹണങ്ങൾ, യുദ്ധങ്ങൾ തുടങ്ങി ആ പ്രവാചകൻ പ്രത്യക്ഷപ്പെടുന്ന കാലഘട്ടത്തിൻെറ ലക്ഷണങ്ങൾ മുൻകൂട്ടി വിവരിച്ചുതന്നിരിക്കുന്നു. ഈ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകൻ ലോകത്ത് മുഴുവനും സത്യം പ്രചരിപ്പിക്കുമെന്നും, അംങ്ങനെ സത്യമതം ലോകത്ത് മറ്റെല്ലാ മതങ്ങളുടെയും മേൽ മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്തവിധം വ്യക്തമായ വിജയം കൈവരിക്കുമെന്നും ദീർഘദർശനം ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു ഭാഗത്ത് ഈ പ്രവചനങ്ങളിൽ അടങ്ങിയിട്ടുള്ള അടയാളങ്ങളുടെ പൂർത്തീകരണം ഈ പ്രവചനങ്ങൾ ഒരിക്കലും കളവായിരിക്കാവതല്ലെന്ന് തെളിയിച്ചുതരുമ്പോൾ ഈ എല്ലാ വാഗ്ദത്തപ്രവാചകന്മാരും ഒരേ അവസരത്തിൽ തങ്ങളുടെ പ്രത്യേകം പ്രത്യേകം മതങ്ങൾ മറ്റെല്ലാ മതങ്ങളുടെയുംമേൽ വിജയം നേടുകയെന്ന കർത്തവ്യം നിർവ്വഹിക്കുന്നതു തികച്ചും അസാദ്ധ്യമാണെന്നും വ്യക്തമാക്കിത്തരുന്നു. തന്നിമിത്തം, ഈ എല്ലാ പ്രവചനങ്ങളും ഒരേ മഹാത്മാവിനെ കുറിച്ചുള്ളതുതന്നെയെന്നും അദ്ദേഹം തൻെറ ആത്മീയശക്തി മുഖേന എല്ലാ മതവിശ്വാസികളെയും ഒരുമിച്ചുകൂട്ടുകയും ലോകജനതകളെ നേരായ പാതയിൽ വഴിനടത്തുകയും ചെയ്യുമെന്നുമുള്ള തീരുമാനത്തിൽ നാമെത്തിച്ചേരാതെ നിവൃത്തിയില്ല. വാഗ്ദത്തപുരുഷൻ എല്ലാ മതങ്ങൾക്കും ഒരേ വ്യക്തി തന്നെയായിരിക്കുമെന്നു ഈ എല്ലാ പ്രവചനങ്ങളും വ്യക്തമാക്കിത്തരുമ്പോൾ എല്ലാ ജനതകളും അദ്ദേഹത്തെ തങ്ങളുടെ സ്വന്തമായി സ്വീകരിക്കുന്നവിധം അദ്ദേഹത്തിൽ ചില സവി

ശേഷഭാവങ്ങൾ ഉണ്ടായിരിക്കുമെന്നും പ്രവചനങ്ങളിൽനിന്ന് വ്യക്തമാകുന്നുണ്ട്. ഹിന്ദുക്കൾക്ക് അദ്ദേഹത്തെ നിഷ്കളങ്കാവതാരമായി സ്വീകരിക്കാൻ കഴിയുമാറ് അദ്ദേഹം ഇന്ത്യയുമായി ബന്ധപ്പെട്ട ആളായിരിക്കും. സൊറോസ്റ്റിയന്മാർക്ക് അദ്ദേഹത്തെ സ്വീകരിക്കാൻ കഴിയുമാറ് അദ്ദേഹം പേർഷ്യയുമായും ബന്ധപ്പെട്ട ആളായിരിക്കുന്നതാണ്. മുസ്ലിംകൾക്കു അദ്ദേഹത്തെ മഹ്ദിഇമാമായി സ്വീകരിക്കാൻ കഴിയും വിധം അദ്ദേഹം മുസ്ലിംകളുമായും ബന്ധമുള്ള ആളായിരിക്കും. അതുപോലെതന്നെ മിശിഹാ ആയി ക്രിസ്ത്യാനികൾ അദ്ദേഹത്തെ തിരിച്ചറിയുമാറാകുന്ന വിധം അദ്ദേഹം ക്രിസ്ത്യാനികളുമായും ബന്ധമുള്ള ആളായിരിക്കുന്നതാണ്. വ്യത്യസ്തജനതകളുമായി വിവിധങ്ങളായ ഭാവങ്ങളിൽ അദ്ദേഹം ബന്ധപ്പെട്ടിരിക്കുമ്പോൾ മാത്രമേ ഇതു സാദ്ധ്യമായിരിക്കയുള്ളു. ഉദാഹരണമായി, ഒരു ജനവിഭാഗവുമായി അദ്ദേഹം മതപരമായ നിലയിൽ ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ മറ്റൊരു വിഭാഗവുമായി വംശപരമായും വേറൊരു വിഭാഗവുമായി സാമൂഹ്യമോ രാഷ്ട്രീയമോ ആയ അടിസ്ഥാനത്തിലും ബന്ധപ്പെട്ടിരിക്കുന്നു. ഒരോ ജനവിഭാഗവും അദ്ദേഹത്തെ തങ്ങളുടെ സ്വന്തം ആളായി സ്വീകരിക്കാൻ തയ്യാറായിരിക്കും. ഈ എല്ലാ കാര്യങ്ങളും ഈ കാലഘട്ടത്തിൽ ലോകോദ്ധാരണാർത്ഥം ദൈവം നിയോഗിച്ചയച്ച അഹ്മദിയ്യാ ജമാഅത്തിൻെറ ദിവ്യസ്ഥാപകരായ ഹസ്രത്ത് മീർസാ ഗുലാംഅഹ്മദ്(അ)ൽ ഒത്തുകാണാവുന്നതാണ്. അദ്ദേഹം താൻ മുസ്ലിംകൾക്കു മഹ്ദിഇമാമും ക്രിസ്ത്യാനികൾക്ക് മിശിഹാവും ഹിന്ദുക്കൾക്ക് കൃഷ്ണൻ അഥവാ നിഷ്കളങ്കാവതാരവും സൊറോസ്റ്റ്രിയന്മാർക്ക് മസീയോ ദർഭമിയും ആണ് എന്നു വാദിച്ചു. ചുരുക്കത്തിൽ, അദ്ദേഹം ഓരോ ജനവിഭാഗത്തിന്നും വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനും ഒരൊറ്റ മതത്തിൻെറ കൊടിക്കീഴിൽ മനുഷ്യവംശത്തെ ആകമാനം ഒരുമിച്ചു കൂട്ടുന്ന ആളുമായിരിക്കും. എല്ലാ ജനതകളുടേയും പ്രത്യാശകളും പ്രതീക്ഷകളും അദ്ദേഹത്തിൽ പുലരുന്നതായിരിക്കും.

ആ വാഗ്ദത്തപുരുഷൻ ഓരോ ജനതയ്ക്കും അവരുടെ സ്രഷ്ടാവിനെ ആരാധിക്കാനുള്ള ശാന്തിമന്ദിരമാകുന്നു. ഏതൊരു തുറവിലൂടെ ഓരോ ജനത്തിനും തങ്ങളുടെ നാഥനെ കാണാനാകുമോ ആ തുറവാണ് അദ്ദേഹം. എല്ലാ വ്യാസാർദ്ധങ്ങളും ഒത്തുചേരുന്ന വൃത്തമദ്ധ്യം

ആണദ്ദേഹം. തന്നിമിത്തം, ലോകം അദ്ദേഹംമുഖേന മാത്രമെ ശാന്തി കണ്ടെത്തുകയും പ്രാപിക്കുകയും ചെയ്കയുള്ളുവെന്നും വിധിയ്ക്കപ്പെട്ടിരിക്കുന്നു. വംശീയമായി ഒരു പേർഷ്യൻ എന്ന നിലയിൽ അദ്ദേഹം സൊറോസ്ത്രീയന്മാർക്ക് വാഗ്ദത്തപുരുഷനായിരുന്നു. ഒരു ഭാരതീയനെന്ന നിലയിൽ അദ്ദേഹം ഹിന്ദുക്കളുടെ വാഗ്ദത്തപുരുഷനായിരുന്നു. ഇസ്ലാം മതാനുയായി എന്ന നിലയിൽ അദ്ദേഹം മുസ്ലിംകൾക്ക് വാഗ്ദത്തപുരുഷനായിരുന്നു. യേശുവിൻെറ ആത്മാവിലും ശക്തിയിലും അവതരിക്കയാലും ക്രിസ്ത്യാനികൾക്ക് ദുർവ്വഹമായിത്തീർന്ന ക്രൈസ്തവരാജ്യങ്ങളിലെ തിന്മകളെയും സാമൂഹ്യദുരവസ്ഥകളെയും നീക്കുവാനുള്ള പരിഹാരമാർഗങ്ങൾ അദ്ദേഹം കൊണ്ടുവന്നിരിക്കയാലും ഒരു ക്രിസ്തീയ സർക്കാറിനുകീഴിൽ ജനിച്ചതിനാലും നൂറ്റാണ്ടുകളായി യേശുവിൻെറ അന്തസ്സിനുനേരെ ഉയർത്തപ്പെട്ട ആക്രമണങ്ങളെ എതിരിട്ടതിനാലും അദ്ദേഹം ക്രിസ്ത്യാനികൾക്ക് വാഗ്ദത്തപുരുഷനായി അംഗീകരിക്കപ്പെടാൻ അർഹനായിരുന്നു. പൂർവ്വപ്രവാചകന്മാർ പറഞ്ഞിട്ടുള്ള എല്ലാ ദീർഘദർശനങ്ങളും അദ്ദേഹത്തിലും അദ്ദേഹം മുഖേനയും പൂർത്തിയായിക്കഴിഞ്ഞിരുന്നു. ഈ പ്രവചനങ്ങൾ പുലരുന്ന സമയമടുത്തപ്പോൾ ദൈവം അദ്ദേഹത്തെ അതറിയിക്കുകയും ആ പ്രവചനങ്ങളെല്ലാം അദ്ദേഹംമുഖേനതന്നെയാണ് പൂർത്തിയായികൊണ്ടിരുന്നതെന്നു തെളിയിച്ചു കാട്ടുകയും ചെയ്തു. വാഗ്ദത്തപുരുഷൻ കിഴക്ക് പ്രത്യക്ഷപ്പെടുമെന്ന് പറയപ്പെട്ടിരുന്നു (മത്തായി, 24:27, എശയ്യാ, 41:2). അപ്രകാരംതന്നെ പുലർന്നു. മിശീഹാ വരുന്നതിനു മുമ്പ് കള്ളപ്രവാചകന്മാർ പ്രത്യക്ഷപ്പെടുമെന്നു പറയപ്പെട്ടതിൻപ്രകാരം അതും നിറവേറി. ഹസ്റത്ത് അഹ്മദ് (അ) മസീഹുവാദം പുറപ്പെടുവിക്കുന്നതിനു മുമ്പ് പലരും മസീഹുവാദവുമായി രംഗത്ത് വന്നിരുന്നു. അവരിൽ ചിലർ ജ്ഞാനികളെപോലും ചതിപ്പെടുത്തി. പിന്നെ യുദ്ധങ്ങളും സാംക്രമികരോഗങ്ങളും ക്ഷാമങ്ങളും ദീർഘദർശനപ്രകാരം സംഭവിച്ചു. ഒടുവിലായി, ബൈബിളിലും സൊറോസ്ത്രിയന്മാരുടെ പുണ്യഗ്രന്ഥമായ ജമസ്പിയിലും പൊതുവായി വിവരിക്കപ്പെട്ടതും ഇസ്ലാമിക ഗ്രന്ഥങ്ങളിൽ വിസ്തരിച്ചുപ്രതിപാദിക്കപ്പെട്ടതുമായ സൂര്യചന്ദ്രഗ്രഹണങ്ങളുടെ ശക്തിമത്തായ അടയാളവും പൂർത്തിയായി. മഹ്ദിഇമാമിൻെറ ആവിർഭാവകാലത്ത് സൂര്യഗ്രഹണദിവസങ്ങളിൽ രണ്ടാം ദിവസം സൂര്യഗ്രഹണവും ചന്ദ്രഗ്രഹണദിവസങ്ങളിൽ ഒന്നാം രാത്രി ചന്ദ്രഗ്രഹണവും

സംഭവിക്കുമെന്നു ഈ ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിട്ടുണ്ട്. മറ്റൊരു ദിവ്യവാദിയ്ക്കുവേണ്ടിയും ഈ അടയാളം കാണിക്കപ്പെട്ടിട്ടില്ലെന്നും പ്രത്യേകം പറയപ്പെട്ടിരിക്കുന്നു. ഈ പ്രവചനദൃഷ്ടാന്തവും പുലർന്നതോടെ ഹസ്രത്ത് അഹ്മദിൻെറ സത്യവാദത്തിന് മഹ്ദി എന്നും മസീഹെന്നും വാദിച്ചു പുറപ്പെട്ടവർക്കെതിരിൽ സത്യത്തിൻെറ സാക്ഷ്യമുദ്ര കുത്തപ്പെടുകയുണ്ടായി. 1894ലെ ഒരു റമസാൻ മാസത്തിൽ പ്രവചിക്കപ്പെട്ട പ്രകാരം തന്നെ അതു പുലർന്നു. അദ്ദേഹത്തിനു മുമ്പ് മറ്റു പലരും മഹ്ദി എന്നും മസീഹ് എന്നും വാദിച്ചെങ്കിലും അവരുടെയൊന്നും കാലത്ത് ഈ പ്രതിഭാസം ദൃശ്യമായില്ല.

മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്തതും പൂർവ്വഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടതുമായ മറ്റുപല അസാധാരണ അത്ഭുത പ്രതിഭാസങ്ങളും അദ്ദേഹത്തിൻെറ കാലത്ത് സംഭവിക്കുകയുണ്ടായി. വാഗ്ദത്തപുരുഷൻെറ കാലത്ത് കുട്ടികൾ പാമ്പുകളോടും ആടുകൾ ചെന്നായ്ക്കളോടും ഒത്തുചേർന്നുകളിക്കുമെന്നും അതോടൊപ്പം യുദ്ധങ്ങളും നടമാടുമെന്നും പറയപ്പെട്ടിട്ടുണ്ട്. എന്നുവെച്ചാൽ, സമാധാനവും യുദ്ധവും ഒപ്പത്തിനൊപ്പം ഉണ്ടായിരിക്കും. ഇക്കാലത്ത് ഈ വിസ്മയദൃശ്യം ലോകത്തെങ്ങും കാണാവുന്നതാണല്ലോ. ഒരു ഭാഗത്ത് മിക്ക രാജ്യങ്ങളിലും ദേശീയ ബോധം ആഭ്യന്തരകലാപങ്ങൾക്കും പോരാട്ടങ്ങൾക്കും അറുതിവരുത്തിയിരിക്കയാണ്. പണ്ടുകാലങ്ങളിൽ അവ നിത്യസംഭവങ്ങളായിരുന്നു. ഇതിനു വിരാമമുണ്ടായതോടെ ഓരോ ഗവൺമെൻറിനും തങ്ങളുടെ രാജ്യാതിർത്തികൾ തിട്ടപ്പെടുത്തി ക്രമസമാധാനം ഉറപ്പിക്കാൻ സാദ്ധ്യമാകുമാറായി. എന്നാൽ, മറ്റൊരു ഭാഗത്ത്, രാഷ്ട്രാന്തരീയ ബന്ധങ്ങൾ അങ്ങേ അറ്റം ഉലഞ്ഞു താറുമാറാകുകയും ഓരോ രാഷ്ട്രവും അയൽ രാഷ്ട്രത്തെ നിരന്തരം ഭയപ്പെട്ടും സംശയിച്ചും കഴിയേണ്ടിവരികയും സാർവ്വദേശീയരംഗത്ത് പകയും ശത്രുതയും വർദ്ധിക്കുകയും ചെയ്തു.

ഈ പ്രവചനങ്ങൾക്ക് പുറമെ വാഗ്ദത്ത പുരുഷൻെറ ആവിർഭാവം സംബന്ധിച്ചു വളരെ വിശദമായ പ്രവചനങ്ങൾ ഇസ്ലാമിക ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളതും പൂർത്തിയായിരിക്കുന്നു. അവയിൽ ചിലതിനെക്കുറിച്ചു ഇവിടെ പ്രതിപാദിച്ചുകൊള്ളാം. വാഗ്ദത്തപുരുഷൻെറ കാലത്ത് ഒട്ടകങ്ങൾ ഉപയോഗരഹിതമായിത്തീരുമെന്നും ഒരു പുതിയതരം വാഹനം കണ്ടുപിടിക്കപ്പെടുമെന്നും പ്രവചിക്കപ്പെട്ടിരിക്കുന്നു.

റെയിൽ മാർഗ്ഗത്തിൻെറ കണ്ടുപിടുത്തത്തോടെ ഇതു പൂർത്തിയായി. ലോകത്തിൻെറ ഒരുഭാഗത്തുനിന്ന് മറ്റൊരുഭാഗത്തേക്കുള്ള വാർത്താവിനിമയം അതിശീഘ്രത്തിൽ ആക്കപ്പെടുമെന്ന് പറയപ്പെട്ടിരിക്കുന്നു. ടെലിഗ്രാഫ്, വയർലസ്സ് ടെലിഗ്രാഫി എന്നിവയുടെ കണ്ടുപിടുത്തത്തോടെ ഇതും പൂർത്തിയായി. സ്ത്രീകളുടെ സംഖ്യ വർദ്ധിക്കുമെന്നും ചരക്കുകൾ വിൽപന നടത്തുന്നതിന് സ്ത്രീകൾ ധാരാളമായി ഉപയോഗപ്പെടുത്തപ്പെടുമെന്നും, ആച്ഛാദിതങ്ങളായിരിക്കണമെന്നു മുൻകാലങ്ങളിൽ കരുതപ്പെട്ടിരുന്ന ശരീരഭാഗങ്ങൾ തുറന്നുകിടക്കുന്നതരത്തിലുള്ള വസ്ത്രങ്ങളാണ് സ്ത്രീകൾ ധരിക്കുകയെന്നും എഴുതപ്പെട്ടിരിക്കുന്നു. മൂന്നു വൻശക്തികൾ ചേർന്നു യുദ്ധം നടത്തുമെന്നും വിജയിക്കുന്ന ത്രിശക്തികൾ കോൺസ്റ്റണ്ടിനോപ്പിൾ കൈവശപ്പെടുത്തുമെന്നും, കോൺസ്റ്റാണ്ടിനോപ്പിളിൽനിന്നു ഒരാൾ ഏഷ്യാമൈനറിലേയ്ക്ക് ഓടിപ്പോയി യുദ്ധം ചെയ്തു തൻെറ പ്രദേശം തിരിച്ചുപിടിക്കുമെന്നും എഴുതപ്പെട്ടിരിക്കുന്നു. ക്രിസ്തീയരാഷ്ട്രങ്ങൾ എവിടെയും ഉന്നതസ്ഥാനങ്ങളിലായിരിക്കുമെന്നും അറേബ്യ തുർക്കി സാമ്രാജ്യത്തിൽനിന്നും വേർപെട്ടുപോകുമെന്നും മെസപ്പൊട്ടേമിയ, സിറിയ,ഈജിപ്ത് എന്നിവിടങ്ങളിൽ പ്രത്യേക ഭരണകൂടങ്ങൾ സ്ഥാപിക്കപ്പെടുമെന്നും എഴുതപ്പെട്ടിട്ടുണ്ട്. ചില വിഭാഗം ആളുകൾ മാസങ്ങളുടെ കാലാവധി ചുരുക്കുമെന്നും ഇസ്ലാമികനിയമങ്ങൾ ധിക്കരിക്കപ്പെടുമെന്നും ചൂതുകളി വർദ്ധിക്കുമെന്നും പോലീസുസേനകൾ ധാരാളമായി നിയോഗിക്കപ്പെടുമെന്നും സ്ത്രീകൾ പുരുഷന്മാരെപ്പോലെ വേഷമണിയുമെന്നും തൊഴിലാളികൾ അധികാരത്തിൽ വരുമെന്നും ധനവാന്മാർ പാവങ്ങൾക്ക് ദാനധർമങ്ങൾ നൽകുന്നതിനോടു അസൂയ കാണിക്കുമെന്നും ഇസ്ലാമിക ഗവർമെൻറുകൾ നശിപ്പിക്കപ്പെടുമെന്നും നിർജ്ജീവവസ്തുകൾ സംസാരിക്കുമെന്നും (ഗ്രാമഫോൺ, തുടങ്ങിയവയുടെ കണ്ടുപിടുത്തങ്ങളെ സൂചിപ്പിക്കുന്നു) പുതിയ വാഹനസൗകര്യങ്ങൾ പ്രയോഗത്തിൽ വരുമെന്നും (വിമാനം ഉദ്ദേശ്യം) എഴുതപ്പെട്ടിട്ടുണ്ട്. ഒരു ഭാഗത്ത് പവിഴങ്ങളും മറ്റൊരു ഭാഗത്ത് മുത്തുകളും വിളയുന്ന രണ്ടു സമുദ്രങ്ങൾക്കിടയിലുള്ള ഭൂതലം മുറിക്കപ്പെടുമെന്നും അങ്ങിനെ രണ്ടു കടലുകൾ കൂട്ടിച്ചേർക്കപ്പെടുമെന്നും അതിലൂടെ ധാരാളം കപ്പലുകൾ കടന്നുനീങ്ങുമെന്നും എഴുതപ്പെട്ടിരിക്കുന്നു. സൂയ്സകനാലിൻെറയും പനാമാകനാലിൻെറയും നിർമാണത്തെ കുറിച്ചാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിട്ടുള്ള

തെന്നു വ്യക്തമാണല്ലോ. പുസ്തകങ്ങളും പത്രങ്ങളും എണ്ണമറ്റനില യിൽ പ്രസാധനം ചെയ്യപ്പെടുമെന്നും വാനശാസ്ത്രപരമായ അനേകം കണ്ടുപിടുത്തങ്ങൾ ഉണ്ടാകുമെന്നും നദികളെ കേന്ദ്രീകരിച്ച ധാരാളം ജലസേചനകനാലുകൾ നിർമ്മിക്കപ്പെടുമെന്നും എന്നാൽ അവ സ്ഥി രമായും വരണ്ടു കിടക്കുമെന്നും പർവ്വതങ്ങൾ തൂറ്റപ്പെടുമെന്നും സഞ്ചാരം വർദ്ധിക്കുമെന്നും ചില രാജ്യങ്ങളിലെ ആദിവാസികൾ തുടച്ചുമാറ്റപ്പെടു മെന്നും വിധവാദഹനം (സതി) തുടങ്ങിയ ആചാരങ്ങൾ സർക്കാർമു ഖേന നിറുത്തലാക്കപ്പെടുമെന്നും എഴുതപ്പെട്ടിരിക്കുന്നു.

ഇപ്രകാരംതന്നെ വാഗ്ദത്തപുരുഷൻ രണ്ടു രോഗങ്ങൾ ഉള്ള ആളായിരിക്കുമെന്നും പ്രവചിക്കപ്പെട്ടിട്ടുണ്ട്. ഒന്നു ശരീരത്തിൻെറ മു കൾഭാഗത്തും മറ്റേതു കീഴ്ഭാഗത്തും ഉള്ള രോഗം. അദ്ദേഹത്തിൻെറ തലമുടി നീണ്ടതായിരിക്കും. ഗോതമ്പുനിറമുള്ള ആളായിരിക്കും. സം സാരിക്കുമ്പോൾ ചെറിയൊരു തടസ്സമുണ്ടായിരിക്കും. അദ്ദേഹം കർ ഷകകുടുംബത്തിൽപെട്ട ആളായിരിക്കും. സംസാരിക്കുമ്പോൾ ഇടക്കി ടെ തൻെറ തുടയിൽ അടിച്ചുകൊണ്ടിരിക്കും. 'ഖദ്അ' എന്ന ഗ്രാമ ത്തിലായിരിക്കും പ്രത്യക്ഷപ്പെടുക. അദ്ദേഹം 'മസീഹ്', 'മഹ്ദി' എന്നീ പദവികൾ ഒന്നിച്ചു വഹിക്കുന്ന ആളായിരിക്കും. ഇങ്ങനെയെല്ലാം ഇസ്ലാ മികഗ്രന്ഥങ്ങളിൽ മുൻകൂട്ടിതന്നെ എഴുതപ്പെട്ടിരിക്കുന്നു. ഇപ്രകാരംത ന്നെ സംഭവിക്കുകയുമുണ്ടായി. വാഗ്ദത്തമസീഹ് ആയ ഹസ്രത്ത് അഹ്മദിന്നു തലചുറ്റൽ, പ്രമേഹം എന്നീ രണ്ടു രോഗങ്ങൾ ഉണ്ടായി രുന്നു. അദ്ദേഹത്തിൻെറ തലമുടി നീണ്ടതും ദേഹം.ഗോതമ്പുവർണ്ണവു മായിരുന്നു. സംസാരത്തിന്ന് ഇടയ്ക്കിടെ തടസ്സമുണ്ടാകുമായിരുന്നു. സംസാരിക്കുമ്പോൾ ഇടക്കിടെ തുടക്കടിക്കുമായിരുന്നു. ഭൂവുടമസ്ഥരാ യ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ഖാദിയാൻ എന്നു പൊതുവെ. വിളിച്ചുവന്ന 'കദിയാൻ' 'കദ്രി' എന്ന ഗ്രാമത്തിലാണ് അദ്ദേഹത്തിൻെറ ജനനം.

ചുരുക്കത്തിൽ, ഈ എല്ലാ പ്രവചനങ്ങളും നാം ഒപ്പംവെച്ചു പരി ശോധിക്കമ്പോൾ അതു ഈ കാലത്തെ കുറിച്ചുള്ള പ്രവചനങ്ങൾ തന്നെ യെന്നും ഹസ്രത്ത് അഹ്മദിനെ കുറിച്ചല്ലാതെ മറ്റൊരാളെക്കുറിച്ചു മല്ലെന്നും എളുപ്പം മനസ്സിലാക്കാം. ഈ കാലം വാഗ്ദത്തപുരുഷൻെറ കാലം തന്നെയാണെന്നും മനസ്സിലാകുന്നു. അദ്ദേഹത്തിൻെറ ആവിർ

ഭാവത്തെപറ്റി പൂർവ്വപ്രവാചകന്മാർ ഇപ്രകാരം ദീർഘദർശനം ചെയ്തിട്ടുള്ളതാണ്. നൂറ്റാണ്ടുകളായി കാത്തുകൊണ്ടിരുന്ന ആ പ്രവചിതപുരുഷൻ ഹസ്രത്ത് അഹ്മദ്തന്നെയാണെന്നും വ്യക്തമാകുന്നു. ഈ അടയാളങ്ങളിൽ മിക്കതും പൂർത്തിയാകുന്നതിന്നുമുമ്പായിട്ടുതന്നെ അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ ദിവ്യസ്ഥാപകർ ദൈവത്തിൽ നിന്നുള്ള വെളിപാടുകളുടെ അടിസ്ഥാനത്തിൽ ഈ അടയാളങ്ങളിൽ പലതും വെളിപ്പെടാൻ പോകുന്നുവെന്നും മുൻകൂട്ടി പ്രവചിക്കുകയുണ്ടായി. ഉദാഹരണമായി, പ്ലേഗ്രോഗത്തിൻെറ ആക്രമണം, ലോകമഹായുദ്ധം, സാർവ്വത്രികമായ ഭൂകമ്പങ്ങൾ, ഇൻഫ്ളൂവൻസാ രോഗം തുടങ്ങിയവ ഇവിടെ പൂർത്തിയായികാണുമ്പോൾ നമ്മുടെ സത്യവിശ്വാസവും നിശ്ചയദാർഢ്യവും കൂടുതൽ വർദ്ധിക്കുന്നു. ചിന്തിച്ചു പ്രവർത്തിക്കുകയും ആലോചനാപൂർവ്വം തീരുമാനമെടുക്കുകയും ചെയ്യുന്നവർ ഈ എല്ലാ ഓരോ ജനതയുടെയും പ്രത്യാശകളും പ്രതീക്ഷകളും അഹ്മദിയ്യാപ്രസ്ഥാനസ്ഥാപകരുടെ ആളത്വത്തിൽ നിറവേറി എന്ന നിഗമനത്തിൽ എത്തിച്ചേരുമെന്നും വിശ്വസിക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. ദൈവത്തിൻെറ കാരുണ്യപയോധരങ്ങൾ ജലവർഷം നടത്തികൊണ്ടിരിക്കുന്നു. വരണ്ട ഭുപ്രദേശങ്ങൾ നനഞ്ഞു കുതിർന്നിരിക്കുന്നു. പാടശേഖരങ്ങളിൽ ഈ ജലം സംഭരിക്കുന്നവനും അഹങ്കാരവും കാപട്യവും കയ്യൊഴിച്ചു ഈ ലോകത്തിന്നുപരിയായുള്ള സത്യവിശ്വാസത്തെ വിലമതിക്കുന്നവനും ആരോ അവനത്രെ അനുഗൃഹീതൻ!

അഹ്മദിയ്യാസമൂഹത്തിൻെറ പ്രത്യേകതകളെപറ്റി , ഇത്രയും പ്രതിപാദിക്കുകയും അവസാനകാലത്തെ പ്രവാചകൻെറ അഥവാ ലോകോദ്ധാരകൻെറ ആവിർഭാവത്തെപറ്റി വ്യവച്ഛേദിച്ചു പറഞ്ഞ പ്രത്യേക അടയാളങ്ങൾ വിവരിക്കുകയും ചെയ്തശേഷം, ഹസ്രത്തു മിർസാ ഗുലാം അഹ്മദുൽഖാദിയാനി (അ)യുടെ വാദങ്ങളെയെല്ലാം അപ്പടി സത്യമായി ഞങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും മറ്റു സമൂഹങ്ങളെയും സമുദായങ്ങളെയും പോലെ അവസാനകാലത്തു പ്രത്യക്ഷപ്പെടേണ്ടിയിരുന്ന ദൈവദൂതനെ ഇപ്പോൾ ഞങ്ങൾ കാത്തിരിക്കുന്നില്ലെന്നും വ്യക്തമാക്കികൊള്ളട്ടെ. ഇനി അഹ്മദിയാപ്രസ്ഥാനത്തിൻെറ ദിവ്യസ്ഥാപകരുടെ ആവിർഭാവോദ്ദേശ്യത്തെപറ്റി അദ്ദേഹംതന്നെ വിവരിച്ചിട്ടുള്ളതെന്തെന്ന് അദ്ദേഹത്തിൻെറ സ്വന്തം വാചകങ്ങളിൽ അവതരിപ്പിക്കാം:

"മനുഷ്യന്നും അവൻെറ സ്രഷ്ടാവിന്നും ഇടയിൽ ഉണ്ടാക്കിവെച്ചിട്ടുള്ള എല്ലാം തടസ്സങ്ങളെയും തട്ടിമാറ്റിക്കൊണ്ടും ദൈവത്തോടുള്ള സ്നേഹത്തെയും ഭക്തിവിശ്വാസങ്ങളെയും മനുഷ്യഹൃദയങ്ങളിൽ വീണ്ടും ഉറപ്പിച്ചു സത്യത്തെ വ്യക്തമായി വെളിപ്പെടുത്തിക്കൊണ്ടും എല്ലാ മതയുദ്ധങ്ങളും പോരാട്ടങ്ങളും അവസാനിപ്പിക്കുകയും ശാശ്വത സമാധാനത്തിന്നുള്ള അടിസ്ഥാനമിടുകയും ചെയ്യുന്നതിന്നായിട്ടത്രെ ഞാൻ എഴുന്നേൽപ്പിക്കപ്പെട്ടിരിക്കുന്നത്. ലോകത്തിൻെറ ദൃഷ്ടിയിൽ നിന്ന് നഷ്ടപ്പെട്ടുപോയ ആത്മീയജ്ഞാനങ്ങൾ വെളിപ്പെടുത്തുകയും, ഭൗതികമോഹങ്ങൾ മൂലം അപ്രത്യക്ഷമായിപ്പോയ ആത്മീയ ജീവിതത്തിൻെറ യഥാർത്ഥരൂപം കാണിച്ചുകൊടുക്കുകയും, മനുഷ്യന്നു പ്രദാനം ചെയ്യപ്പെട്ടിട്ടുള്ളതും പ്രാർത്ഥനയും സത്യഭക്തിയും കൊണ്ടുമാത്രം വെളിപ്പെടുത്തിക്കാണിക്കാവുന്നതുമായ ദിവ്യശക്തികളെ എൻെറ തന്നെ ജീവിതത്തിലൂടെ വെളിപ്പെടുത്തിക്കാണിക്കുകയും, അല്ലാഹുവിനോട് ഒരു തരത്തിലുള്ള കൂട്ടുകാരെയും സങ്കല്പിക്കാത്തതും മനുഷ്യഹൃദയങ്ങളിൽ നിന്ന് തികച്ചും അപ്രത്യക്ഷമായികഴിഞ്ഞിട്ടുള്ളതുമായ ആ മിന്നിത്തിളങ്ങുന്ന കളങ്കമറ്റ 'തൗഹീദ്' അഥവാ ഏകദൈവവിശ്വാസം വീണ്ടും ലോകത്ത് ശാശ്വതമായി ഉറപ്പിക്കുകയും ചെയ്യുന്നതിന്നും വേണ്ടിയത്രെ ഞാൻ അയക്കപ്പെട്ടിരിക്കുന്നത്" (ലക്ചർ ഓൺ ഇസ്ലാം,ഭാ.34).

വീണ്ടും പറയുന്നു: "വഴിതെറ്റിപ്പോയവരെ താക്കീതുചെയ്കയും ഇരുട്ടിൽ കഴിയുന്നവരെ വെളിച്ചത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നതിന്നായിട്ടുള്ള ജ്ഞാനം എനിയ്ക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു".

പിന്നെയും പറയുന്നു: "ഈ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുകയും മനുഷ്യസമൂഹത്തെ ദൈവത്തിൻെറ പരിശുദ്ധമായ തൗഹീദിലേയ്ക്ക് നയിക്കുകയും ചെയ്യുന്നതിനായിട്ടത്രെ അവൻ എന്നെ അയച്ചിട്ടുള്ളത്. അപ്രകാരം ഞാൻ നിങ്ങൾക്ക് എല്ലാം വിവരിച്ചു തിന്നിരിക്കുന്നു. കൂടുതൽ ദൃഢമായ വിശ്വാസം ലോകത്തിനു നൽകുന്നതിന്നും ദൈവത്തിൻെറ ആസ്തിക്യം തെളിയിച്ചുകാട്ടുന്നതിന്നുമായിട്ടാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്, കാരണം, സത്യവിശ്വാസം കൊഴിഞ്ഞുപോകയും പരലോകജീവിതം വെറും കെട്ടുകഥയായി മാറുകയും ദൈവത്തിലോ പരലോകത്തിലോ ഉള്ള വിശ്വാസം അശേഷം ഇല്ലാത്തവിധം മനു

ഷ്യൻ ഈ ലോകത്തിലും ഭൗതികവസ്തുക്കളിലുംതന്നെ സകല ആശ്രയവും അർപ്പിക്കുകയും ചെയ്തിരിക്കുന്നു. അവർ ദൈവത്തെകുറിച്ചു സംസാരിക്കുന്നുവെങ്കിലും അവരുടെ ഹൃദയങ്ങൾ ഈ ലോകത്തോടുള്ള മോഹങ്ങൾകൊണ്ടുനിറഞ്ഞിരിക്കുന്നു. ജൂതന്മാരെ യേശു ഇതേ അവസ്ഥയിലാണ് കണ്ടിരുന്നത്. ഇന്നു ഞാൻ ഈ ലോകത്തെ കാണുന്നതും അപ്രകാരമാണ്. ജൂതന്മാരുടെ ഹൃദയങ്ങളിൽനിന്ന് വിശ്വാസരാഹിത്യം ദൈവസ്നേഹത്തെ അകറ്റിക്കളയുകയും അവരുടെ സദാചാരബോധത്തെതന്നെ നശിപ്പിച്ചുകളയുകയും ചെയ്തതുപോലെ ലോകം ദൈവത്തെ സ്നേഹിക്കുന്നതു അവസാനിച്ചിരിക്കുകയാണ്. ജനഹൃദയങ്ങളിൽ സത്യബോധവും സത്യവിശ്വാസവും പുനഃസ്ഥാപിക്കുകയും ദൈവപ്രേമവും ദൈവഭയവും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതിന്നായിട്ടത്രെ ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇതാണ് എൻെറ നിലനില്പിൻെറ ഉദ്ദേശ്യലക്ഷ്യം. സ്വർഗ്ഗീയശക്തികൾ ഈ ഭൂമിയിൽനിന്നു ദൂരത്തായിപ്പോയെങ്കിലും അത് ഇനി വീണ്ടും അടുത്തേയ്ക്ക് വരുമെന്ന് ദൈവം എന്നെ അറിയിച്ചിരിക്കുന്നു. ആകയാൽ, ഇതെല്ലാം പുതുക്കിപ്പണിയുന്നതിന്നാണ് ഞാൻ വന്നിട്ടുള്ളത്. ഈ ഉദ്ദേശ്യാർത്ഥമാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളതും" (കിത്താബുൽബരിയ്യ, ഭാ, 253-256).

വീണ്ടും "സത്യവിശ്വാസം, സദാചാരം, ദൈവജ്ഞാനം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലേയ്ക്കും ജനങ്ങളെ ആകർഷിക്കുന്നതിന്നും ഇക്കാര്യങ്ങളിൽ ജനങ്ങൾ സവിശേഷമായ ശക്തി ആർജ്ജിക്കുമാറാകുന്നതിന്നുംവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്" എന്നും അദ്ദേഹം പറയുന്നു (റിവ്യൂ ഒഫ് റിളിജ്യൺസ്, വാ. 1, ഭാ. 3).

പിന്നെയും, തൻെറ സന്താനങ്ങളിൽപ്പെട്ട ഒരാൾ ബന്ധനസ്ഥരുടെ മോചനത്തിനുള്ള ഉപകരണമായി വർത്തിക്കുമെന്നു അദ്ദേഹം പ്രവചിക്കുന്നു. അനേകം ജനതകളും വർഗങ്ങളും രാജ്യങ്ങളും മറ്റു ജനതകളുടെയും വർഗങ്ങളുടെയും ഭരണകൂടങ്ങളുടെയും മർദ്ദനങ്ങൾക്കിരയായിരിക്കുന്നതിനാൽ, അവർ അദ്ദേഹംമുഖേന ആ ഭീകരഭരണത്തിൻെറ ബന്ധനത്തിൽനിന്നു മോചനം പ്രാപിച്ചു സ്വാതന്ത്ര്യം നേടുമെന്നും ദൈവം അവരുടെ വിഷമങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും അങ്ങനെ അവർക്ക് സമാധാനവും സംതൃപ്തിയും സംപ്രാപ്തമായിത്തീരുകയും ചെയ്യുമെന്നുമാണ് ഇതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നത്. പിന്നെയും

അദ്ദേഹം പറയുന്നത്, തൻെറ കർത്തവ്യം ഒന്നാമതായി, "ഇസ്ലാമിൻെറ സത്യം എല്ലാ ജനതകൾക്കും തെളിയിച്ചുകാട്ടുകയും", രണ്ടാമതായി, "സത്യവും ആദ്ധ്യാത്മികതയും നിറഞ്ഞുനിൽക്കുന്നതും ദുർവ്യാഖ്യാനങ്ങളിൽനിന്നും അപ്രസക്തങ്ങളായ പ്രക്ഷിപ്തങ്ങളിൽനിന്നും സംശുദ്ധവും ആയ കലർപ്പില്ലാത്ത ഇസ്ലാമിൻെറ യഥാർത്ഥപാഠങ്ങൾ ലോകത്തിന്നുമുമ്പിൽ അവതരിപ്പിക്കുകയും", മൂന്നാമതായി, "ലോകജനതകളിൽ സത്യവിശ്വാസത്തെ അന്വേഷിക്കുന്നതിന് ആർത്തിപ്പെടുന്നവർക്ക് സത്യവിശ്വാസത്തിൻെറ വെളിച്ചം പ്രദാനം ചെയ്കയും" ആണെന്നും അത്രെ.

ഇതിൽനിന്നെല്ലാം യഥാർത്ഥദൈവത്തിൻെറ ഏകത്വം പ്രബോധനം ചെയ്കയും നന്മയും സാത്വികതയും വളർത്തുകയും മനുഷ്യഹൃദയങ്ങളിൽ ദൈവഭക്തി പുനഃസ്ഥാപിക്കുകയും സംശയത്തിൽനിന്നും ഇരുട്ടിൽനിന്നും ജനങ്ങളെ ദൃഢവിശ്വാസത്തിലേക്ക് നയിച്ചുകൊണ്ട് അസ്വസ്ഥ ഹൃദയങ്ങളിൽ ആശ്വാസവും സംതൃപ്തിയും വീണ്ടെടുത്തുകൊടുക്കുകയും ആത്മീയജ്ഞാനത്തിൻെറ വാതിലുകൾ തുറന്നിടുകയും ധാർമികവും ആത്മീയവും ബൗദ്ധികവും പ്രായോഗികവും ആയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും മർദ്ദിതരെ മോചിപ്പിച്ചു അവർക്ക് ദിവ്യമാർഗ്ഗത്തിലൂടെ ആശ്രയം നൽകുകയും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്ക് അവയെ വീണ്ടെടുത്തു കൊടുക്കുകയും യുദ്ധങ്ങളും അക്രമങ്ങളും അവസാനിപ്പിക്കുകയും സാർവത്രികമായ സമാധാനം സ്ഥാപിക്കുകയും ഒരേ സത്യവിശ്വാസത്തിൻെറയും മതത്തിൻെറയും കീഴിൽ മനുഷ്യജാതിയെ മുഴുവൻ ഒരുമിച്ചുകൂട്ടുകയും എല്ലാ ജനതകളിലും സത്യവിശ്വാസം പ്രചരിപ്പിക്കുകയും ബാഹ്യമായ എല്ലാ വൈകല്യങ്ങളിൽനിന്നും ഇസ്ലാമിനെ ശുദ്ധീകരിച്ചു ഇസ്ലാമിൻെറ തനതായ പാഠങ്ങൾ ലോകത്ത് ഉയർത്തിക്കാട്ടുകയും പ്രത്യക്ഷമായ ദിവ്യദൃഷ്ടാന്തങ്ങളിലൂടെ ദൈവത്തിൻെറ മഹത്വം തെളിയിച്ചുകാട്ടുകയും ആണ് അദ്ദേഹത്തിൻെറ ദൗത്യം എന്നു ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതാണ്.

ഏറ്റവും മഹനീയവും ഉദാത്തവുമായ ഒരു ദൗത്യകർത്തവ്യം തന്നെയാണിത്. എന്നാൽ, ഇത്തരത്തിൽ ദിവ്യവാദം പുറപ്പെടുവിക്കുന്ന ആരെങ്കിലും ഇതിൽനിന്നും വ്യത്യസ്തമായനിലയിൽ എന്തെങ്കിലും

പറയുമാറുണ്ടോ? ഓരോ ആളും ഇത്രതന്നെ മഹനീയവും ഉദാത്തവുമായ ലക്ഷ്യങ്ങൾ തന്നെയാണ് ലോകത്തിനു മുമ്പിൽ വെക്കുവാൻ പ്രേരിതരാവുന്നത്. സാധാരണഗതിയിലുള്ള കാര്യങ്ങൾ ഊന്നിപ്പറഞ്ഞതുകൊണ്ടൊന്നും ആരും ശ്രദ്ധിക്കാൻ പോകുന്നില്ല. എല്ലാ കാര്യങ്ങളുംപ്രചാരവേലകളെയും പരസ്യങ്ങളെയും ആശ്രയിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം സുന്ദരപ്രഖ്യാപനങ്ങൾ ഏറെ ആവശ്യവും തന്നെ. അതുകൊണ്ടു അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരുടെ വാദങ്ങളും അത്തരം പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമുള്ളതാണെങ്കിൽ അതു സവിശേഷശ്രദ്ധയെ അർഹിക്കുന്ന ഒന്നായിത്തീരുന്നില്ല. മറ്റേതെങ്കിലും ഒരാളുടെ വാദങ്ങളുടെമേൽ എന്തെങ്കിലും മേന്മ അതിന്നു അവകാശപ്പെടാവുന്നതുമല്ല. എന്നാൽ, മേൽ വിവരിച്ചതുപോലുള്ള അദ്ദേഹത്തിൻെറ ആവിർഭാവോദ്ദേശ്യങ്ങൾ അനായാസം പൂർണ്ണനിലയിൽ സഫലീകരിക്കാൻ കഴിയുമെന്നു ബുദ്ധിയുള്ളവരെല്ലാം തലകുലുക്കി സമ്മതിക്കുമാറുള്ള സമ്പൂർണ്ണനിർദ്ദേശങ്ങളും പെരുമാറ്റച്ചട്ടങ്ങളും ആണ് നമ്മുടെ മുമ്പിൽ അദ്ദേഹം സമർപ്പിച്ചിട്ടുള്ളതെന്നു ഞാനിനി നിങ്ങൾക്ക് വിവരിച്ചുതരാം!.

ഒരു പ്രശ്നം ഈ ഘട്ടത്തിൽ പൊന്തിവരുന്നുണ്ട് . പെട്ടെന്നു ഗ്രഹിക്കാൻ അൽപം വിഷമമാണെങ്കിലും അതു മനസ്സിലാക്കാതെ അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ യഥാർത്ഥമായ പ്രാധാന്യം പൂർണമായും ബോദ്ധ്യപ്പെടുകയില്ല. പ്രസ്ഥാനസ്ഥാപകർ താൻ ഒരു മുസ്ലിമും മുഹമ്മദ്നബി (സ) തിരുമേനിയുടെ ഒരു അനുയായിയും ആണെന്നു അവകാശപ്പെടുകയും വിശുദ്ധഖുർആൻെറ യഥാർത്ഥമായ അദ്ധ്യാപനങ്ങളെ പ്രചരിപ്പിക്കുകയാണ് തൻെറ ദൗത്യമെന്നു ഘോഷിക്കുകയും ചെയ്യുമ്പോൾ അഹ്മദിയ്യാപ്രസ്ഥാനത്തിന്നുള്ള പ്രത്യേകത എന്താണ് എന്നുള്ളതാണ് ആ പ്രശ്നം. ആ അടിസ്ഥാനത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ വിശുദ്ധ സ്ഥാപകർ ഒരു വലിയ പണ്ഡിതനോ സൂഫിയോ ആണെന്നും അഹ്മദിയ്യത്ത് രണ്ടാംകിടപ്രാധാന്യം അർഹിക്കുന്ന ഒരു ചിന്താപ്രസ്ഥാനം മാത്രമാണെന്നും പറയുന്നതല്ലേ ശരി? എന്നാൽ, സത്യത്തിൽനിന്നു എത്രയോ അകന്ന ഒരു ചിന്താഗതിയാണിത്. അങ്ങനെ കരുതുന്നതു അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ യഥാർത്ഥനിലയും വിലയും തെറ്റിധരിക്കുകയാവും.

പ്രവാചകന്മാർ രണ്ടുതരമുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ന്യായപ്രമാണവാഹികളായ ശരീഅത്തോടുകൂടിയ പ്രവാചകന്മാരും നിലവിലുള്ള ന്യായപ്രമാണത്തെ വ്യാഖ്യാനിക്കുവാനും സുസ്ഥാപിക്കാനും കാലക്രമേണ മതത്തിൽ കടന്നുകൂടുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളേയും ദൂരീകരിക്കാനുംവേണ്ടിമാത്രം നിയുക്തരാകുന്ന പ്രവാചകന്മാരും. ഈ തരംതിരിവ് എല്ലാ മതവ്യവസ്ഥിതികളും അംഗീകരിച്ചിട്ടുള്ളതാണ്. മൂസാ നബി(അ)ന്നു ശേഷം തുടർച്ചയായി ഇസ്രായീല്യരിൽ ആഗതരായിട്ടുള്ള പ്രവാചകന്മാരുടെ പരമ്പരയിൽ ഇതിന്റെ വ്യക്തമായ ചിത്രീകരണം കാണാം. മൂസാനബി(അ) അഥവാ മോശെ ന്യായപ്രമാണവാഹിയായ ഒരു പ്രവാചകനായിരുന്നു. അദ്ദേഹത്തിന്റെ സമകാലീന ായിരുന്ന അഹറോനും അദ്ദേഹത്തെ തുടർന്നുവന്ന ജോഷുവാ തുടങ്ങിയവരും യേശുതാനും മോശെ മുഖേന വെളിപ്പെട്ട ന്യായപ്രമാണത്തെ നിലയുറപ്പിക്കുന്നതിന്ന് നിയോഗിക്കപ്പെട്ടവരായിരുന്നു. യേശു താൻതന്നെ ഇപ്രകാരം പറയുന്നു: "ഞാൻ ന്യായപ്രമാണത്തെയെങ്കിലും പ്രവാചകന്മാരെയെങ്കിലും നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കേണ്ട; നീക്കുവാനല്ല, പൂർത്തിവരുത്തുവാനത്രെ ഞാൻ വന്നത്" (മത്തായി, 5:17). യേശുവിന്റെ കാലത്ത് മോശെയുടെ നിയമം പ്രാബല്യത്തിലുണ്ടായിരുന്നുവെന്നും യേശുവിന്നും അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കും അതു പ്രാമാണ്യമായിരുന്നുവെന്നുമുള്ള വസ്തുത യേശു സ്വശിഷ്യന്മാർക്കും മറ്റുള്ളവർക്കും നൽകീട്ടുള്ള ഉപദേശത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. അദ്ദേഹം പറയുന്നു: "ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിലിരിക്കുന്നു. ആകയാൽ, അവർ നിങ്ങളോട് പറയുന്നതിനെ ഒക്കെയും നിങ്ങൾ പ്രമാണിച്ചു ചെയ്യുവിൻ: അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുതുതാനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ" (മത്തായി, 23: 2-3).

യേശുവിന്റെ ഉപദേശങ്ങളിൽ ചിലതു തൗറാത്തിന്റെ (പഴയനിയമത്തിന്റെ) അദ്ധ്യാപനങ്ങളിൽനിന്നും വ്യത്യസ്തമാണെന്നു പറയപ്പെടുന്നു എന്നതിൽ സംശയമില്ല. എന്നാൽ, 'പഴയനിയമം' സൂക്ഷ്മമായി പരിശോധിച്ചാൽ യേശു പഠിപ്പിച്ചതിന്റെയെല്ലാം അടിസ്ഥാനം അതിൽ കണ്ടെത്താവുന്നതാണ്. തന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് അവ പുതിയതല്ലെന്നും തൗറാത്തിൽ അടങ്ങിയതാണെന്നും യേശു താൻ

തന്നെ പ്രസ്താവിക്കുന്നുണ്ട്. തൗറാത്തിൽ പറയപ്പെട്ടിട്ടില്ലാത്ത പെരുമാറ്റച്ചട്ടങ്ങൾക്ക് അടിസ്ഥാനമിട്ടതായി കരുതപ്പെടുന്ന പർവ്വതപ്രസംഗത്തിന്നു തൊട്ടടുത്ത് യേശു ഇപ്രകാരം പറയുന്നു: "ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നെ" (മത്തായി, 7:12).

ചുരുക്കത്തിൽ, പ്രവാചകന്മാർ രണ്ടു തരക്കാരുണ്ട്: മോശെയെപ്പോലുള്ള ന്യായപ്രമാണവാഹകരും, മനുഷ്യർ കൈവിട്ടുകളഞ്ഞ ന്യായപ്രമാണത്തെ വീണ്ടെടുക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നതിനു നിയോഗിക്കപ്പെടുന്ന എലീശാ, എശയ്യാ, ഹെസക്കിയേൽ, യേശു തുടങ്ങിയവരെ പോലുള്ള പ്രവാചകന്മാരും.

വാഗ്ദത്തമസീഹ് (അ) രണ്ടാമതു പറഞ്ഞതരത്തിലുള്ള ഒരു പ്രവാചകനാണ് താനെന്നാണ് വാദിച്ചത്. യേശു മൂസാനബിയുടെ ശരീഅത്തിലെ അവസാനത്തെ ഖലീഫ ആയിരുന്നതുപോലെ ഇസ്‌ലാമിക ശരീഅത്തിൽ അത്തരത്തിലുള്ള ഖലീഫയാണ് താനെന്നു അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുമുണ്ട്. ആകയാൽ, അഹ്മദിയ്യാ പ്രസ്ഥാനം ഇസ്‌ലാമിലെ ഇതര കക്ഷികളെ അപേക്ഷിച്ചു നോക്കിയാൽ, യഹൂദമതത്തിലെ വിഭിന്ന കക്ഷികൾക്കിടയിൽ ക്രിസ്തുമതത്തിന്ന് എന്തുസ്ഥാനം ഉണ്ടായിരുന്നുവോ അപ്രകാരം ഒരു സ്ഥാനത്തുള്ളതാണെന്നു മനസ്സിലാക്കണം. മൂസാനബി(അ) 'ആവർത്തനം' 18:18 ൽ പറഞ്ഞിട്ടുള്ള പ്രവചനം മുഹമ്മദ് നബി (സ) തിരുമേനിയിൽ പൂർത്തിയായിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. മോശെയെപോലുള്ള ഒരു ന്യായപ്രമാണവാഹിയായ പ്രവാചകൻ ഇസ്രായീല്യരുടെ സഹോദരന്മാർക്കിടയിൽ എഴുന്നേൽപ്പിക്കപ്പെടുമെന്നു അതിൽ ദീർഘദർശനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇസ്രായീല്യരുടെ സഹോദരന്മാരായ ഇസ്മായീൽ പരമ്പരയിൽപെട്ട ഒരാളെന്ന നിലയിൽ ഒരു പുതിയ നിയമവുമായി വെളിപ്പെട്ട മുഹമ്മദ് നബി (സ)യിൽ മൂസാനബിയുടെ ഈ പ്രവചനം നിറവേറിയതായി വിശുദ്ധ ഖുർആൻ നമുക്ക് വ്യക്തമാക്കിത്തരികയും ചെയ്യുന്നു.

إِنَّا أَرْسَلْنَا إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ كَمَا أَرْسَلْنَا إِلَىٰ فِرْعَوْنَ رَسُولًا ۝

"ഫിർഔന്റെ അടുക്കൽ നാം ഒരു റസൂലിനെ അയച്ചതുപോലെ നിങ്ങളുടെ അടുക്കൽ നിങ്ങളുടെ മേൽനോട്ടക്കാരനായി നാം ഒരു

റസൂലിനെ അയച്ചിരിക്കുന്നു" (73:15). ഇപ്രകാരം മുഹമ്മദ് നബി(സ) മൂസാനബിയെപോലുള്ള ഒരു പ്രവാചകനായിരിക്കുമ്പോൾ ഇസ്‌ലാമിക ന്യായപ്രമാണമനുസരിച്ചുള്ള മസീഹ് അദ്ദേഹത്തിൻെറ അനുയായികളിൽപെട്ട ഒരാളായിരിക്കുമെന്നു മാത്രമല്ല , യേശു ഒരു പുതിയ ന്യായപ്രമാണം കൊണ്ടുവരാതെ 'തൗറാ'ത്തിനെ സ്ഥിരീകരിച്ചതുപോലെ അദ്ദേഹം ഖുർആനികനിയമത്തെ പ്രചരിപ്പിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു.

ഇസ്‌ലാമിൽ അഹ്മദിയ്യാപ്രസ്ഥാനത്തിന്നുള്ള ബന്ധമാണ് ഞാനിത്രയും വിവരിച്ചത്. ഇനി ഞാൻ അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ പ്രത്യേ കതകളെക്കുറിച്ചു പറയാം:

പുതിയ ന്യായപ്രമാണവാഹിയല്ലാത്ത ഒരു പ്രവാചകൻെറ കർത്തവ്യങ്ങളിൽ ഒന്നു നിലവിലുള്ള മതവ്യവസ്ഥയിൽ കാലാന്തരത്തിൽ കടന്നുകൂടിയ ആബദ്ധ്യങ്ങളും വ്യാഖ്യാനവൈരുദ്ധ്യങ്ങളുമെല്ലാം വേർതിരിച്ചു നീക്കിയെടുക്കുകയെന്നതാണ്. ഇതുതന്നെയും ഒരു വമ്പിച്ച ചുമതലയാകുന്നു. നഷ്ടപ്പെട്ടുപോയത് വീണ്ടെടുക്കുകയും സംരക്ഷിക്കുകയും ചെയ്കയെന്നതു പുതിയൊരു നിയമസംഹിതയെ സംഭാവന ചെയ്യുന്ന അത്രതന്നെ വലിയൊരു കർത്തവ്യമാകുന്നു. എന്നാൽ, വാഗ്ദത്ത മസീഹിന്നു ഇതിനേയ്ക്കാളൊക്കെ മഹനീയമായ കർത്തവ്യമാണ് നിർവ്വഹിക്കാനുണ്ടായിരുന്നതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ആ ദൗത്യകർത്തവ്യം എന്താണ് എന്നു മനസ്സിലാക്കുന്നതിന്നു വിശുദ്ധഖുർആനെകുറിച്ചുള്ള ഞങ്ങളുടെ നിലപാട് വ്യക്തമായി ധരിച്ചിരിക്കേണ്ടതുണ്ട്. ഇതര മുസ്‌ലിംകളിൽനിന്നു ഭിന്നമായി ഞങ്ങൾ വിശ്വസിക്കുന്നത് വിശുദ്ധഖുർആനിൽ അടങ്ങിയ ജ്ഞാനനിർഝരി അവസാനിച്ചു പോയിട്ടില്ലെന്നും വിശുദ്ധഖുർആൻ സമ്പൂർണ്ണമായ ദൈവവചനസമുച്ചയമാണെന്നുമത്രെ. ദൈവത്തിൻെറ ഭൗതികാനുഗ്രഹങ്ങൾ അത്ഭുതങ്ങളുടെ ഒരു അക്ഷയനിധിയായിരിക്കയാൽ മനുഷ്യവംശത്തിൻെറ അതതുകാലത്തെ ആവശ്യമനുസരിച്ച് ആ അത്ഭുതങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നപ്രകാരംതന്നെ ദൈവത്തിൻെറ വചനവും അനന്തമായ അത്ഭുതങ്ങളുടെ ഒരു ഭണ്ഡാരമായിരിക്കേണ്ടതാകുന്നു. ധാർമികവും ആത്മീയവുമായ രോഗങ്ങൾക്കുള്ള പ്രതിവിധികൾ കാലോചിതമായും ആവശ്യമനുസരിച്ചും അതിൽ നിർദേശിക്കപ്പെട്ടിരിക്കയും

വേണ്ടതാണ്. ഈ ലോകത്ത് ദൈവം പുതിയപുതിയ വസ്തുക്കൾ സൃഷ്ടിച്ചു കൊണ്ടിരിക്കാറില്ല. എന്നാൽ, ഓരോ വസ്തുവിൻെറയും ഉള്ളിൽ അനേകം അത്ഭുതരഹസ്യങ്ങളും അടങ്ങിയിരിക്കുന്നു. ഏതാകിലും ഒരു വസ്തുവിൻെറ മുഴുവൻ രഹസ്യങ്ങളും സൂക്ഷ്മവശങ്ങളും പൂർണ്ണനിലയിൽ വെളിപ്പെട്ടുകഴിഞ്ഞെന്നും അതിൽ പുതുതായി ഒരു ശക്തിയും പ്രയോജനവും ഇനി കണ്ടെത്താനില്ലെന്നും പറയാവതല്ലല്ലോ. മനുഷ്യശരീരത്തിലെ രഹസ്യങ്ങൾ മുഴുവനുംതന്നെ കണ്ടുപിടിക്കുവാൻ മനുഷ്യന് ഇനിയും കഴിഞ്ഞിട്ടില്ല. എന്നിട്ടല്ലേ ഇതരവസ്തുക്കളുടെ ആന്തരീയരഹസ്യങ്ങൾ പൂർണ്ണനിലയിൽ കണ്ടെത്തുവാൻ കഴിയുക! താരതമ്യേന താല്കാലികമായ പ്രയോജനവും ഗുണഫലങ്ങളും ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകൃതിനിയമങ്ങളുടെ കാര്യംതന്നെ ഇപ്രകാരമാണെങ്കിൽ ആത്മീയചികിത്സയെ പ്രതിനിധാനം ചെയ്യുന്ന ദൈവവചനങ്ങൾ എത്രത്തോളം അത്ഭുതങ്ങളുംരഹസ്യങ്ങളും പ്രയോജനങ്ങളും അടങ്ങിയതായിരിക്കണം? ദൈവവചനങ്ങളിലടങ്ങിയ രഹസ്യജ്ഞാനങ്ങളുടെ നിധിശേഖരം അളവില്ലാത്തതും അറ്റം കാണാത്തതുമാണ്. പരിപൂർണ്ണമായ ദൈവവചനങ്ങളിൽ ഈ മഹത്വം അടങ്ങിയിരിക്കേണ്ടത് ആവശ്യമാണെന്നും ഈ മഹത്വം ഇല്ലാത്ത വചനങ്ങൾ പൂർണമായ ദൈവവചനങ്ങളാണെന്നു പറയാവതല്ലെന്നും ബുദ്ധിയുള്ള ഏതൊരാളും സമ്മതിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

വിശുദ്ധ ഖുർആനിലെ ഈ അഗാധ ജ്ഞാനങ്ങളെ സംബന്ധിച്ചിടത്തോളം അവ മുഴുവനുംതന്നെ പൂർവ്വീകരിൽ പൂർത്തിയായിക്കഴിഞ്ഞു എന്നു കരുതിപ്പോന്ന തൻെറ എതിരാളികളെ സംബോധനചെയ്തുകൊണ്ട് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പറയുന്നു:

"എല്ലാ ഓരോ ജനതയുടെയും ഭാഷക്കാരുടെയും മുമ്പിൽ വെളിപ്പെടുത്താവുന്ന വിശുദ്ധഖുർആൻെറ പ്രത്യക്ഷമായ ഈ അത്ഭുത പ്രതിഭാസം മുന്നോട്ടുവെച്ചുകൊണ്ട് ഇന്ത്യക്കാരനോ പാർസിയോ യൂറോപ്യനോ അമേരിക്കക്കാരനോ മറ്റേതെങ്കിലും രാജ്യക്കാരനോ ആയ ഏതൊരാളെയും കുറ്റവാളിയും നിരുദ്ധകണ്ഠനും നിരുത്തരേയനുമാക്കി മാറ്റാൻ എനിയ്ക്ക് സാധിക്കുമെന്നു അറിഞ്ഞുകൊള്ളേണ്ടതാണ്. ഓരോകാലത്തും അതാതുകാലഘട്ടത്തിൻെറ ആവശ്യത്തിനൊത്ത് ഉറന്നുറന്നു വരുകയും, ഓരോ കാലഘട്ടത്തിലെയും ചിന്താഗതികളെ എതിരി

ടുന്നതിന്നുവേണ്ടി സായുധരായ സൈനികരെപോലെ അണിനിരക്കുകയും ചെയ്യുന്ന അറ്റംകാണാത്ത അഗാധജ്ഞാനങ്ങളും സത്യതത്ത്വങ്ങളും യുക്തിജ്ഞാനങ്ങളും നിറഞ്ഞുനിൽക്കുന്നതാണ് ഖുർആനികവചനങ്ങൾ. വിശുദ്ധഖുർആൻ അതിൻെറ സത്യതത്ത്വങ്ങളുടെയും സൂക്ഷ്മജ്ഞാനങ്ങളുടെയും കാര്യത്തിൽ സാന്തമാണെന്നുവരികിൽ അതു സമഗ്രമായ ഒരു ദിവ്യത്ഭുതമായിരിക്കുന്നതല്ല. വെറും സാഹിത്യഭംഗിയും ചമൽക്കാരവിശേഷവും പണ്ഡിതന്മാർക്കും സാധാരണന്മാർക്കും ഒരുപോലെ ഗ്രഹിക്കാനാവുന്ന ഒരു ദിവ്യത്ഭുതമാകുന്നില്ല. അവസാനിക്കാത്ത സൂക്ഷ്മാർത്ഥങ്ങളും അഗാധമായ സത്യതത്ത്വങ്ങളും ഉൾക്കൊള്ളുന്നു എന്നതത്രെ പ്രത്യക്ഷമായിട്ടുള്ള അതിൻെറ അത്ഭുതം. വിശുദ്ധഖുർആൻെറ ഈ ദിവ്യത്ഭുതം അംഗീകരിക്കാത്തവർ ഖുർആനിക ജ്ഞാനം നഷ്ടപ്പെട്ട ഭാഗ്യഹീനരത്രെ....അല്ലയോ ദൈവദാസന്മാരെ, ഖുർആനിലടങ്ങിയ അനന്തമായ ദിവ്യജ്ഞാനത്തിൻെറയും അഗാധമായ സൂക്ഷ്മതത്ത്വങ്ങളുടെയും അത്ഭുതങ്ങൾ ഖഡ്ഗങ്ങളെക്കാൾ ഫലപ്രദമാണെന്നു തെളിഞ്ഞിട്ടുള്ളതാകുന്നു. ഓരോ കാലത്തും പുതിയ പുതിയ സാഹചര്യങ്ങളിൽ എന്തെന്തു സംശയങ്ങൾ ഉടലെടുത്താലും ഏതു തരത്തിലുള്ള ശാസ്ത്രതത്ത്വങ്ങളുടെ വീരവാദം ഉയർത്തപ്പെട്ടാലും അതിൻെറ പൂർണമായ ചെറുത്തുനിൽപും പൂർണമായ പരിഹാരവും പൂർണമായ പ്രതിരോധവും വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നു എന്നു കാണാം. ബ്രഹ്മസമാജിയോ ആര്യസമാജക്കാരനോ ബുദ്ധമതക്കാരനോ മറ്റേതെങ്കിലും തത്വചിന്തകനോ ആരായാലും ശരി, അയാൾക്ക് ഖുർആനിൽ നേരത്തെ ഉൾക്കൊണ്ടിട്ടില്ലാത്ത യാതൊരു സത്യതത്ത്വവും മുന്നോട്ട് വെയ്ക്കുവാൻ സാധ്യമാകുന്നതല്ല. വിശുദ്ധ ഖുർആൻെറ ദിവ്യത്ഭുതങ്ങൾ ഒരിക്കലും അവസാനിച്ചു പോകാത്തതാകുന്നു. പ്രകൃതി ഗ്രന്ഥത്താളുകളിലെ മഹാത്ഭുതങ്ങൾ പഴയകാലത്തേയ്ക്ക് മാത്രമായി തീർത്തും അവസാനിച്ചുപോയിട്ടുണ്ടായിരുന്നില്ലല്ലോ. മറിച്ച്, നവംനവങ്ങളായ അത്ഭുതങ്ങൾ ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുതന്നെയാണ് ഈ വിശുദ്ധ ഏടുകളിലെ അത്ഭുതങ്ങളുടെയും സ്ഥിതി. അങ്ങനെ ദൈവത്തിൻെറ വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടെന്നു സ്ഥാപിക്കപ്പെടുന്നതിന്നുവേണ്ടിതന്നെ" (ഇസാലയെ ഔഹാം, ഭാ. 305-313).

വാഗ്ദത്ത മസീഹ് ലോകത്തിനുമുമ്പിൽ വച്ചിട്ടുള്ള മഹാസന്ദേശം ഇതുതന്നെയാകുന്നു. ഖുർആൻ പരിപൂർണമാണെന്നു മുസ്ലിംകൾ വിശ്വസിക്കുന്നുണ്ട്. എന്നാൽ, അതു പരിപർണഗ്രന്ഥം മാത്രമല്ല, ഭാവി യുഗങ്ങളിലെ ആവശ്യങ്ങൾക്കുള്ള പരിഹാരങ്ങൾകൂടി മറഞ്ഞുകിടക്കുന്ന ഒരു വലിയ ജ്ഞാനനിധി കൂടിയാണെന്ന യാഥാർത്ഥ്യം കഴിഞ്ഞ പതിമൂന്നു നൂറ്റാണ്ടുകളായി അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രകൃതിയിൽ കൂടുതൽ കൂടുതൽ ചിന്തിക്കുകയും ഗവേഷണങ്ങൾ നടത്തുകയും ചെയ്യുമ്പോൾ പുതിയ പുതിയ അറിവുകൾ പുറത്തുവരുന്നുവെങ്കിൽ അതിനെക്കാൾ കൂടുതലായുള്ള അറിവുകൾ ഖുർആനിൽ കണ്ടെത്താൻ കഴിയുന്നതാണ്. വിശുദ്ധ ഖുർആൻെറ ഈ വിസ്മയവശം ലോകത്തിനു വ്യക്തമാക്കിക്കൊടുത്തുകൊണ്ടു ഭൗതികശാസ്ത്രത്തിൽ സയൻസിൻെറ മണ്ഡലത്തിൽ സാധിച്ചിട്ടുള്ള ഏതൊരു കണ്ടുപിടുത്തത്തെയ്ക്കാളും വിപുലമായ മണ്ഡലങ്ങളിൽ ആത്മീയകാര്യങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങളുടെയും കണ്ടുപിടുത്തങ്ങളുടെയും വാതിലുകൾ അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ ദിവ്യസ്ഥാപകർ തുറന്നിട്ടിരിക്കുകയാണ്. അദ്ദേഹം ഇസ്ലാമിനെ അതിൻെറ ബാഹ്യമായ എല്ലാ ജീർണതകളിൽനിന്നും നിർദ്ധാരണം ചെയ്ത് അതിൻെറ സ്വച്ഛ സുന്ദരമായ സ്വാഭാവികവിശുദ്ധിയിലും ലാളിത്യത്തിലും ലോകത്ത് അവതരിപ്പിക്കുക മാത്രമല്ല, അതിശീഘ്രം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ഉടലെടുക്കുന്ന സമുദായത്തിൻെറ എല്ലാ ബൗദ്ധിക വൈജ്ഞാനിക പ്രശ്നങ്ങൾക്കും ക്ഷണപരിഹാരം നിർദേശിക്കുമാറ് ഒരു പുതിയ പശ്ചാത്തലത്തിൽ വിശുദ്ധ ഖുർആനെ ലോകത്തിന്നു കാഴ്ചവെയ്ക്കുകയും അങ്ങനെ ഭാവിയിലുടലെടുക്കുന്ന സകലമാന പ്രശ്നങ്ങൾക്കുമുള്ള പരിഹാരങ്ങളുടെ താക്കോൽ തയ്യാറാക്കിത്തരുകയും ചെയ്തിരിക്കുന്നു.

സങ്കീർണ്ണമായ സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങളിൽ ലോകം ഞെങ്ങിഞെരുങ്ങുകയാണെന്നും ആത്മീയജ്ഞാനത്തിന്നായി ദാഹിച്ചുഴറുകയാണെന്നുമുള്ളത് നിസ്തർക്കംതന്നെ. ഈ വിഷമപ്രശ്നങ്ങൾക്ക് നിലവിലുള്ള മതഗ്രന്ഥങ്ങളിലൊന്നും പരിഹാരം കണ്ടെത്താനാകാതെ ചിലർ മതത്തോടുതന്നെ വിരക്തരായി മാറിയിരിക്കുന്നു. മറ്റുചിലരാകട്ടെ, ഈ പ്രശ്നങ്ങളുടെ വിഷമതകൾ ഏറ്റുവാങ്ങാനെന്നോണം പുതിയ

ചില നിയമസംഹിതകൾകൂടി നിർമിച്ചെടുക്കാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കയുമാണ്. എന്നാൽ, ഈ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പ്രായോഗികപരിഹാരം വാഗ്ദത്തമസീഹിൻെറ പാഠങ്ങളിൽ അടങ്ങിയിരിക്കുന്നു എന്ന വസ്തുത നിങ്ങൾക്ക് കണ്ടെത്താൻകഴിയും. ഈ പരിഹാരമാകട്ടെ വിശുദ്ധ ഖുർആനിൽ അടങ്ങിയിട്ടുള്ളതുതന്നെയാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ, അതിൻെറ ചില ഭാഗങ്ങൾ സത്യവിരുദ്ധങ്ങളും ഭക്തിരഹിതങ്ങളുമായ വ്യാഖ്യാനങ്ങളുടെ വിഷം കലർന്നു ദുർഗ്ഗന്ധമലീമസമായിത്തീർന്നിട്ടുണ്ടെങ്കിൽ മറ്റുചില ഭാഗങ്ങൾ മനുഷ്യദൃഷ്ടിയ്ക്ക് അഗോചരമായി ഭൂഗർഭത്തിൽ ആഴത്തിലൊഴുകുന്ന നിർമ്മലനിർഝരിപോലെയാകുന്നു. അദ്ദേഹം ആ മലിനജലം വാറ്റിയെടുക്കുകയും അതോടൊപ്പം അന്തർവാഹിനികളെ കണ്ടെത്തുകയും, നമ്മുടെ ദൃഷ്ടികളെ മറയ്ക്കുന്ന യവനിക പറിച്ചുകീറി ഗവേഷണങ്ങളുടെയും കണ്ടുപിടുത്തങ്ങളുടെയും പ്രവിശാലമായ പ്രതലങ്ങളിലേയക്കുള്ള വാതിലുകൾ മലക്കെ തുറന്നിട്ടുതരികയും വിശുദ്ധഖുർആൻെറ പാഠങ്ങളുടെ അപ്പുറത്തെങ്ങും പോകേണ്ടതില്ലാത്ത വിധത്തിൽ മനുഷ്യരാശിയുടെ വർദ്ധമാനമായ നാനാതരം പ്രശ്നങ്ങൾക്കു പരിഹാരമാർഗ്ഗം കാണിച്ചുതരികയും അങ്ങനെ വിശുദ്ധ നബി (സ) തിരുമേനി സ്ഥാപിച്ചുറപ്പിച്ചതും ലോകാവസാനംവരെ നിലനിർത്താൻ ദൈവം ഇച്ഛിച്ചിട്ടുള്ളതുമായ ഇസ്ലാം മതത്തിൻെറ തനതുരൂപത്തിനു ഒരു കോട്ടവും വരാതെ നിലനിർത്തുകയും ചെയ്തിരിക്കുന്നു. ഇതൊരിക്കൽ ഗ്രഹിച്ചുകഴിഞ്ഞാൽ അഹ്മദികൾ വിശുദ്ധ ഖുർആനിൽ ഉറച്ചു വിശ്വസിക്കുന്നുവെങ്കിലും അവർ മുസ്ലിംകളുടെ ഒരു സംഘംതന്നെയാണെങ്കിലും ഇസ്ലാമിലെ ഇതരകക്ഷികളിൽ ഒന്നായി മാത്രം എണ്ണപ്പെടാവുന്ന ഒരു വിഭാഗമല്ലെന്നും മറിച്ചു 1300 കൊല്ലം മുമ്പ് വെളിപ്പെടുത്തപ്പെട്ട ഇസ്ലാമിൻെറ തനതുരൂപംതന്നെയാണതെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. വിശുദ്ധ ഖുർആനിലെ അറ്റം പെടാത്ത ആത്മീയജ്ഞാനനിധി മുഖേന മനുഷ്യരാശിയെ മുഴുവൻ ധന്യമാക്കുകയെന്നതാണ് അതിൻെറ പ്രത്യേക കർത്തവ്യമെന്ന് അത് അവകാശപ്പെടുന്നു. ഏതെങ്കിലും സവിശേഷമായ ഒരു ചിന്താഗതിയുടെ പരിണതഫലമോ, ഏതെങ്കിലുമൊരു പ്രത്യേക കക്ഷിയോ ചിന്താപ്രസ്ഥാനമോ ഇളക്കിവിട്ട സ്വാഭാവികപ്രവാഹത്തിൻെറ അവസാനത്തെ അലയടിയോ ആയിട്ടല്ല അഹ്മദിയ്യാ സമൂഹം നിലവിൽ വന്നത്. അതു ഒരു ഭാഗത്ത് പതിമൂന്ന് നൂറ്റോണ്ടോളം പുറകോട്ട് അതി

ശീഘ്രം പാഞ്ഞുചെല്ലുമ്പോൾ, മറുഭാഗത്ത് വിശുദ്ധഖുർആന്റെ അക്ഷയനിധിയിൽ നിന്ന് മനുഷ്യവംശത്തിന്റെ നിത്യനൂതനവും വൈവിധ്യപൂർണ്ണവുമായ എല്ലാ ആവശ്യങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ടും വർത്തമാനത്തിലൂടെ ഭാവിയിലേക്ക് കുതിച്ചു മുന്നേറുന്നതുമായ ഒരു പുതിയ പ്രവാഹമാകുന്നു. കിഴക്കിനെയും പടിഞ്ഞാറിനെയും കൂട്ടിയിണക്കുകയും അതോടൊപ്പം ഭൂതകാലത്തേയും ഭാവിയേയും സംയോജിപ്പിക്കുകയും ചെയ്തിട്ടുള്ള ഒരുപ്രവാഹമാകുന്നു അത്. അന്ത്യവും പരിപൂർണ്ണവുമായ ന്യായപ്രമാണം അഥവാ ശരീഅത്ത് വെളിപ്പെടുത്തപ്പെട്ട വിശുദ്ധ നബി(സ) തിരുമേനി ന്യായപ്രമാണത്തിന്റെ പരിപൂർത്തിക്കുള്ള ആദം ആയിരുന്നുവെന്നും ഓരോ കാലഘട്ടത്തിലേയും പ്രശ്നങ്ങൾക്കു പരിഹാരങ്ങൾ അടങ്ങിയ വിശുദ്ധ ഖുർആനിലെ ആത്മീയ ശാസ്ത്രങ്ങളുടെയും ദർശനങ്ങളുടെയും വിശാല വ്യാപ്തി ലോകത്തിന്ന് തെളിയിച്ചുകാട്ടുന്നതിന്ന് ദൈവത്താൽ പ്രേഷണം ചെയ്യപ്പെട്ട വാഗ്ദത്തമസീഹ് (അ) ന്യായപ്രമാണത്തിന്റെ അഥവാ 'ശരീഅത്തി'ന്റെ വ്യാഖ്യാനപ്രചാരണങ്ങളുടെ പരിപൂർത്തിക്കുള്ള മറ്റൊരു ആദം ആയിരുന്നുവെന്നും--ആദ്യത്തെ ആദം മനുഷ്യന്റെ ഭൗതിക പൂർണിമയുടെ ആദം ആയിരുന്നു-- ഇപ്പോൾ നമുക്ക് ധൈര്യസമേതം പറയാം.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഈ പ്രത്യേക സ്വഭാവം ഞാൻ ഇവിടെ വിസ്തരിച്ചു പറയേണ്ടത് എത്രയും ആവശ്യമായിരുന്നു. എന്തെന്നാൽ ഞാൻ സൂചിപ്പിച്ചതുപോലെ അഹ്മദിയ്യാ പ്രസ്ഥാനം എന്നതു ഒരു പുതിയ മതത്തിന്റെ പേർ അല്ല. ഈ ആമുഖം കൂടാതെ, പരിപൂർണമായും ഖുർആനിൽ അധിഷ്ഠിതമായിട്ടുള്ള പ്രസ്ഥാനത്തിന്റെ അദ്ധ്യാപനങ്ങളും ആദർശങ്ങളും ഞാൻ വിവരിച്ചുപോകുന്ന പക്ഷം ചില തെറ്റുദ്ധാരണകൾ സംജാതമാകാൻ ഇടയുണ്ടായിരുന്നു. ഞാൻ അഹ്മദിയ്യാ പ്രസ്ഥാനത്തെക്കുറിച്ചാണോ ഇസ്ലാമിനെ കുറിച്ചാണോ ഏതിനെപ്പറ്റിയാണ് പ്രതിപാദിക്കുന്നതെന്ന് ചിലർക്കെങ്കിലും മനസ്സിലാക്കാൻ വിഷമമുണ്ടായെന്നു വരാം. ഇപ്പോൾ, അഹ്മദിയ്യത്തും ഇസ്ലാമും ഒന്നുതന്നെയാണെന്നും അഹ്മദിയ്യത്ത് എന്നുവച്ചാൽ, ഇക്കാലത്ത് അല്ലാഹു വാഗ്ദത്തമസീഹ് മുഖാന്തിരം ലോകത്ത് പ്രത്യുദ്ധരിച്ചിട്ടുള്ള യഥാർത്ഥ ഇസ്ലാം തന്നെയാണെന്നും വ്യക്തമായിരിക്കുമല്ലോ. അതു

പൂർണമായും വിശുദ്ധഖുർആനിലും ഇസ്ലാം ശരീഅത്തിലും അധിഷ്ഠിതമാണ്. എന്നാൽ, അതെ അവസരത്തിൽത്തന്നെ നിലവിലുള്ള എല്ലാ ഇസ്ലാമിക കക്ഷികളിൽനിന്നും, അദ്ധ്യാപനങ്ങളിലും തത്ത്വങ്ങളിൽനിന്നും അതു തികച്ചും വ്യത്യസ്തമാണ് താനും. തീരെ അപ്രത്യക്ഷമായിക്കഴിഞ്ഞ പല സത്യങ്ങളും അതു വീണ്ടും കണ്ടെത്തി. കൂടാതെ, ആധുനികകാലത്തെ സവിശേഷസാഹചര്യങ്ങളും ആവശ്യങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ പുതിയ സത്യങ്ങളും തത്വങ്ങളും ലോകത്ത് അതു പുതുതായി വെളിക്കുകൊണ്ടുവരികയും ചെയ്തു. വിശുദ്ധഖുർആന്റെ വചനങ്ങളിൽ ഒളിഞ്ഞുകിടന്ന അനേകം ആത്മീയ തത്ത്വരഹസ്യങ്ങൾ കണ്ടുപിടിച്ചുകൊണ്ട് ബൗദ്ധികവും ആത്മീയവുമായ ലോകങ്ങളെ ധന്യമാക്കിയ വാഗ്ദത്ത മസീഹാണ് ഈ സത്യങ്ങൾ വെളിപ്പെടുത്തീട്ടുള്ളത്.